ലക്കം 8 പുസ്തകം 15 2020 ജൂൺ

# അക്ഷരകൈരളി



## കോവിഡ്:
### ലോകത്തിന് മാതൃകയായി കേരളം

ലക്കം 8 പുസ്തകം 15
ജൂൺ 2020

# അക്ഷരകൈരളി

കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി
അക്ഷരം, പേട്ട ബോയ്സ് സ്കൂളിനുസമീപം, പേട്ട. പി.ഒ, തിരുവനന്തപുരം-24
Phone – 0471-2472253, 2472254 Fax – 0471-2462252
E-mail –aksharakairali2017@gmail.com,
stateliteracymission@gmail.com
website: www.literacymissionkerala.org

**കഥ**
താക്കോൽ
**ഷാഹിന ഇ കെ** 24

**പുസ്തകപരിചയം**
മരിച്ചവളുടെ ഫേസ്ബുക്ക്
**സനിത അനൂപ്** 29

**കവിത**
വെള്ളിവെളുപ്പിട്ട മുടിയിഴകൾ
**സൂസൻ ജോഷി** 32

**റിപ്പോർട്ട്**
നാരീശക്തി പുരസ്കാരവുമായി അക്ഷരമുത്തശ്ശിമാർ 34

**കഥ**
ഗ്രാപ
**അനാർക്കലി** 38

**റിപ്പോർട്ട്**
വെയിൽ നനച്ച ജീവിതങ്ങൾ
**സനിത എം ടി** 44




**ലേഖനം**
ഓരോരുത്തരും തുല്യതയ്ക്ക് വേണ്ടി
**ടി.എൻ.സീമ** 6



12
പിന്നരികിൽ നിന്ന് പെണ്ണരങ്ങിലേക്കുള്ള ദൂരം
**ജിഷ അഭിനയ**




20
കോവിഡും ഡെങ്കിപ്പനിയും എങ്ങനെ തിരിച്ചറിയും? എങ്ങനെ പ്രതിരോധിക്കും?
**ഡോ.ജി ആർ സന്തോഷ്കുമാർ**




26
പെൺ സ്വപ്നങ്ങൾക്കെത്ര പരിധിയാകാം
**നിള**

എഡിറ്റർ **ഡോ.പി.എസ്.ശ്രീകല**
പ്രിന്റിങ് & അഡ്മിനിസ്ട്രേഷൻ **ഡോ.ജെ.വിജയമ്മ**
കോ-ഓർഡിനേറ്റർ **ഇ.വി.അനിൽ**
അസിസ്റ്റന്റ് എഡിറ്റർ **ഷൈമി.ഇ.പി**
ഡിടിപി & ലേഔട്ട് **കളർ ട്രാക്ക്**
വര **കബിത മുഖോപാധ്യായ**

പത്രാധിപസമിതി
**ഡോ.കാവുമ്പായി ബാലകൃഷ്ണൻ**
**ടി.കെ.നാരായണദാസ്**
**ഡോ.കെ.വി.കുഞ്ഞികൃഷ്ണൻ**
**വി.മാധവൻപിള്ള**
**ഡോ.എം.എ.അസ്കർ**

*അക്ഷരകൈരളിയിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളിലെ ആശയങ്ങളും അഭിപ്രായങ്ങളും ലേഖകരുടേതുമാത്രമാണ്.*




## പ്രതികരണങ്ങൾ

# ചില മാതൃഭാഷാദിന ചിന്തകൾ

ലോക മാതൃഭാഷാദിന ചിന്തകൾ ചർച്ചചെയ്ത അക്ഷരകൈരളി ഫെബ്രുവരി ലക്കം വേറിട്ട വായനാനുഭവമായി. പുറംചട്ടയിൽ തുടങ്ങി അകത്തെ പേജുകളിലേക്കു പടരുന്ന മാതൃഭാഷാചിന്തകൾ വ്യത്യസ്തവും പുതുമയുള്ളതുമായി. ഭാഷ നശിക്കുന്നു എന്ന മുറവിളി നമ്മൾ കേൾക്കാൻ തുടങ്ങിയിട്ട് നാളുകളേറെയായി. ഭാഷകൾ നേരിടുന്ന ഈ പ്രശ്നം ആഗോളീകരണത്തോടെ കൂടുതൽ സങ്കീർണമാകുകയുണ്ടായി. ഇതേക്കുറിച്ചുള്ള വിശകലനം കൃത്യമായിത്തന്നെ ലേഖനങ്ങളിലുണ്ട്.

പുതിയ ജീവിത സാഹചര്യങ്ങളോട് പൊരുത്തപ്പെടുന്നപോലെ ഭാഷയും വിപുലപ്പെടേണ്ടതുണ്ട്. ആധുനിക ശാസ്ത്രസാങ്കേതിക വിദ്യയുടെ വികാസത്തിനുതകുന്ന തരത്തിലാവണം ഓരോ ഭാഷയും ശക്തിയാർജിക്കേണ്ടത്. അതിനാവശ്യമായ പദസമ്പത്ത് ഉൾച്ചേർത്താൽ മാത്രമേ ഭാഷാവളർച്ച സാധ്യമാകൂ എന്ന നിരീക്ഷണം പ്രതീക്ഷ നൽകുന്നതാണ്. നശിച്ചുപോകുന്ന ഓരോ ഭാഷയോടൊപ്പവും മനുഷ്യകുലം ദീർഘകാലം കൊണ്ട് ആർജിച്ചെടുത്ത അറിവുകളും ഇല്ലാതാവുന്നു എന്നതാണ് ഏറ്റവും അപകടകരമായ അവസ്ഥ. ഭാഷാ സംരക്ഷണമെന്നാൽ ജൈവവൈവിധ്യ സംരക്ഷണം തന്നെയാണ്. ഭാഷാനാശമെന്നാൽ ദുർബലവും അപൂർവവുമായ പ്രകൃതിയെക്കുറിച്ചും സസ്യ-ജന്തുവർഗത്തെക്കുറിച്ചുമുള്ള അറിവുകളുംകൂടി നഷ്ടപ്പെടുകയാണ്. അതുകൊണ്ടുതന്നെ ഒരു ഭാഷയും നശിച്ചുപോകരുത്. അതിരുകളില്ലാതെ എല്ലാ ഭാഷകളും നിലനിൽക്കട്ടെ.

**രാമകൃഷ്ണൻ**
കൂത്താട്ടുകുളം

# മലയാളം പഠിച്ച് റോമിയ കാത്തൂർ

തൊഴിൽതേടി കേരളത്തിലെത്തി മലയാളത്തെ സ്നേഹിച്ച ബീഹാറുകാരി റോമിയ ഭാഷ പഠിച്ചത് അതിജീവനത്തിനു വേണ്ടിയായിരുന്നെങ്കിലും പിന്നീടത് അനിവാര്യതയാവുകയായിരുന്നു. മക്കൾ സ്കൂളിൽ പോകാൻ തുടങ്ങിയതോടെ മലയാളം എഴുതാനും വായിക്കാനും പഠിക്കാനുറച്ച റോമിയ അതിനായി തെരഞ്ഞെടുത്തതാകട്ടെ സാക്ഷരതാമിഷന്റെ ചങ്ങാതി പദ്ധതിയായിരുന്നു. നൂറിൽ നൂറുമാർക്കുവാങ്ങി മികച്ചവിജയം സ്വന്തമാക്കിയ റോമിയ ഭാഷയ്ക്ക് അതിർവരമ്പുകളില്ലെന്ന് തെളിയിച്ചിരിക്കുന്നു. ഹയർസെക്കൻഡറി തുല്യത പാസായി കേരളത്തിൽത്തന്നെ ഒരു ജോലിനേടണമെന്ന റോമിയയുടെ ആഗ്രഹം സഫലമാവട്ടെ. എല്ലാ ആശംസകളും നേരുന്നു.

**ആശാലത**
ഭരതന്നൂർ

എഡിറ്റോറിയൽ

# പ്രതിസന്ധിയെ നേരിടാം സാമൂഹിക ഒരുമയോടെ...

**ലോകത്തിന്റെയാകെ** അംഗീകാരം നേടിയ സമ്പൂർണ സാക്ഷരതായജ്ഞവും രാജ്യത്ത് ആദ്യമായി സമ്പൂർണ സാക്ഷരത എന്ന പദവിയും കേരളത്തിന്റെ തനതുനേട്ടങ്ങളാണ്. മറ്റൊരു സംസ്ഥാനത്തിനും അവകാശപ്പെടാൻ കഴിയാത്ത തുല്യതാ വിദ്യാഭ്യാസവും രാജ്യത്തിനുമാതൃകയായി മാറിയ സാമൂഹ്യസാക്ഷരതാ പദ്ധതികളും കേരളത്തിന്റെ അഭിമാനങ്ങളാണ്. ഇവയുൾപ്പെടുന്ന അനൗപചാരിക വിദ്യാഭ്യാസത്തിലൂടെ കേരളത്തിന്റെ പൊതുസമൂഹത്തിൽ സ്വാഭാവികമായി രൂപപ്പെട്ട ഒരു ബോധമുണ്ട്. അത് പല പ്രതിസന്ധികളും അതിജീവിക്കാൻ കേരളത്തെ പ്രാപ്തമാക്കിയിട്ടുണ്ട്. എല്ലാ വിവേചനങ്ങൾക്കും അസമത്വങ്ങൾക്കും അതീതമായി മനുഷ്യനെ മുഖ്യമായി പരിഗണിക്കണം എന്ന ബോധമാണത്. നവോത്ഥാനത്തിന്റെ തുടർച്ചയായി രൂപപ്പെട്ട ഈ ബോധം ഉറപ്പിച്ചുകൊണ്ടാണ് കേരളസർക്കാർ മുന്നോട്ടുപോകുന്നത്. കൊറോണ വൈറസിനെതിരായി 'ശാരീരിക അകലം സാമൂഹിക ഒരുമ' എന്ന ആശയം ബഹു. മുഖ്യമന്ത്രി മുന്നോട്ടുവയ്ക്കുന്നത് ഈ പശ്ചാത്തലത്തിലാണ്.

കൊറോണയോടൊപ്പം ജീവിക്കാൻ ലോകം പഠിച്ചേ തീരൂ എന്ന് ലോകാരോഗ്യസംഘടന മുന്നറിയിപ്പ് നൽകിയിരിക്കുന്നു. അതായത്, വൈദ്യശാസ്ത്രപരമായ പ്രതിരോധ ഇടപെടലുകൾ വൈകും എന്നർഥം. അതുവരെയും ലോകത്തിനു നിശ്ചലമാകാൻ ആവില്ലല്ലോ. പ്രതിസന്ധിയെ നേരിടുന്നതിനും അതിജീവിക്കുന്നതിനുമുള്ള മാർഗങ്ങൾ എല്ലാരംഗത്തും സജീവമാകുന്നത് ഈ സാഹചര്യത്തിലാണ്.

നവകേരളത്തിലേക്കുള്ള പ്രയാണത്തിന് ഊർജമേകുന്ന ഇടപെടലാണ് ഈ മഹാമാരിയുടെ ഘട്ടത്തിലും കേരളസർക്കാർ നടത്തുന്നത്. പ്രതീക്ഷയുടെയും ചലനാത്മകമായ ചിന്തയുടെയും അന്തരീക്ഷം സമൂഹത്തിന്റെ അബോധതലത്തിൽ രൂഢമൂലമാക്കുന്നതിൽ ബഹു. മുഖ്യമന്ത്രിയുടെ പത്രസമ്മേളനങ്ങൾ നിർണായക പങ്ക് വഹിക്കുന്നു. ഈ ലക്ഷ്യം സാധ്യമാക്കുന്ന സാമൂഹിക വിദ്യാഭ്യാസമാണ് ഇന്ന് ആവശ്യമായുള്ളത്.

സാമൂഹിക വിദ്യാഭ്യാസത്തിന് അനൗപചാരിക വിദ്യാഭ്യാസമാണ് പോംവഴി. ഇപ്പോഴത്തെ സാഹചര്യത്തിൽ കേരളത്തിലെ അനൗപചാരിക വിദ്യാഭ്യാസ സംവിധാനത്തിലും മാറ്റം വരേണ്ടതുണ്ട്.

സാമൂഹിക ഒരുമയാവണം അതിന്റെ അടിത്തറ. സാക്ഷരത മുതൽ ഹയർസെക്കൻഡറി വരെയുള്ള കോഴ്സുകളുടെയും സാമൂഹികസാക്ഷരതാ പരിപാടികളുടെയും സംവിധാനത്തിൽ പൊളിച്ചെഴുത്ത് അനിവാര്യമായിരിക്കുന്നു. കൊറോണ വൈറസ് പരത്തുന്ന മഹാമാരി അവസാനിക്കുമെന്ന് കാത്ത് മാറിനിൽക്കാതെ, അതിനെ മുഖാമുഖം നേരിട്ട് പരാജയപ്പെടുത്തത്തക്കവിധം ജാഗരൂകമായൊരു സമൂഹം രൂപപ്പെടണം.

**ഡോ.പി.എസ്.ശ്രീകല**
എഡിറ്റർ & ഡയറക്ടർ

**ലേഖനം • ടി.എൻ സീമ**

# ഓരോരുത്തരും തുല്യതയ്ക്ക് വേണ്ടി



ഒരു രാജ്യത്തെ സ്ത്രീകളെല്ലാം ഒറ്റയടിക്ക് അപ്രത്യക്ഷമായാൽ എന്തുസംഭവിക്കും? വീടുകളിൽ, തൊഴിലിടങ്ങളിൽ, വിദ്യാഭ്യാസസ്ഥാപനങ്ങളിൽ, തെരുവുകളിൽ? അങ്ങനെ സംഭവിക്കുമോ! എന്നാൽ അത് സംഭവിച്ചു. ഈ വർഷത്തെ സാർവദേശീയ വനിതാദിനത്തിൽ മെക്സിക്കോയിലെ സ്ത്രീകൾ എടുത്ത തീരുമാനം 24 മണിക്കൂർനേരം പൂർണമായും വീടിനുള്ളിൽത്തന്നെ, ഒരു ജോലിയുമെടുക്കാതെ കഴിയാനാണ്. 'സ്ത്രീകളില്ലാതെ ഒരു ദിവസം' (A day without women) എന്നാണ് മാർച്ച് എട്ട് ദിനാചരണത്തിന് അവർ നൽകിയ പേര്!

ഇത് പ്രശസ്തിക്കുവേണ്ടിയോ കൗതുകത്തിനുവേണ്ടിയോ എടുത്ത തീരുമാനമല്ല. ഒരു ദിവസം കുറഞ്ഞത് പത്ത് സ്ത്രീകളെങ്കിലും ലൈംഗികാതിക്രമങ്ങളിൽ കൊല്ലപ്പെടുന്ന രാജ്യമാണ് മെക്സിക്കോ. ഏറ്റവും ഒടുവിൽ 25 വയസ്സുള്ള ഒരു യുവതിയെ തോലുരിഞ്ഞ്, അവയവങ്ങൾ തുരന്നെടുത്ത് കൊലപ്പെടുത്തിയ അതി

> ഭരണഘടനയും നിയമങ്ങളും തുല്യതയെക്കുറിച്ച് പറയുന്നു എന്നതുകൊണ്ടു മാത്രം തുല്യത സ്ഥാപിക്കപ്പെടില്ല. വ്യക്തി മുതൽ ഭരണകൂടം വരെയുള്ള ഓരോ തലത്തിലും നിലനിൽക്കുന്ന സ്ത്രീവിരുദ്ധതയെ തിരുത്താൻ ബോധപൂർവമായ നടപടികൾ ഉണ്ടാകണം.



ക്രൂരമായ സംഭവത്തോടെ സഹികെട്ട സ്ത്രീകൾ നടത്തിയ പല പ്രതികരണങ്ങളിൽ ഒന്നാണ് ഒരു ദിവസത്തേക്ക് പൊതുഇടത്തിൽ നിന്നും സ്വയം ഭ്രഷ്ടരായിക്കൊണ്ട് പ്രതിഷേധിക്കുക എന്നത്. അന്നേ ദിവസം ഒരു സ്ത്രീയെ പോലും കാണാൻ കഴിയാത്ത തെരുവുകൾ നോക്കി ഒരു ബസ് ഡ്രൈവർ പറഞ്ഞത്, ‘സ്ത്രീകളില്ലാത്ത നഗരം എത്ര കുത്തിനോവിക്കുന്ന കാഴ്ചയാണ്’ എന്നാണ്.

> ദിവസം കുറഞ്ഞത് പത്ത് സ്ത്രീകളെങ്കിലും ലൈംഗികാതിക്രമങ്ങളിൽ കൊല്ലപ്പെടുന്ന രാജ്യമാണ് മെക്സിക്കോ. ഈ അതിക്രമങ്ങിളിൽ സഹികെട്ട സ്ത്രീകൾ നടത്തിയ പല പ്രതികരണങ്ങളിൽ ഒന്നാണ് ഒരു ദിവസത്തേക്ക് പൊതുഇടത്തിൽ നിന്നും സ്വയം ഭ്രഷ്ടരായിക്കൊണ്ട് പ്രതിഷേധിക്കുക എന്നത്.



തങ്ങൾക്ക് നേരെ നടക്കുന്ന അതിക്രമങ്ങൾക്കെതിരെ പ്രതിഷേധിക്കാൻ മെക്സിക്കോയിലെ സ്ത്രീകൾ സ്വീകരിച്ച ശക്തമായ പ്രതീകാത്മക സമരരൂപം എന്ന നിലയിലാണ് ഇതിനെ കാണേണ്ടത്. ഒരു മനുഷ്യജീവിയെന്ന നിലയിലും സമൂഹത്തിനു നൽകുന്ന നാനാ വിധത്തിലുള്ള സംഭാവനകളുടെ പേരിലും സ്ത്രീകൾക്ക് അവകാശപ്പെട്ട അംഗീകാരവും നീതിയും ഉറപ്പാക്കുന്നതിന് കഴിഞ്ഞ നൂറുവർഷത്തിലധികമായി ലോകമെമ്പാടും നടന്നു വരുന്ന പോരാട്ടങ്ങളെ കൂടുതൽ ശക്തവും പ്രകടവും ആക്കേണ്ടതിന്റെ പ്രാധാന്യമാണ് ഈ വർഷത്തെ മാർച്ച് എട്ടും ഉയർത്തിയത്. തുല്യതയ്ക്കായി നിലകൊള്ളുന്ന തലമുറയെ സൃഷ്ടിക്കേണ്ടതിന്റെ അനിവാര്യതയെ സൂചിപ്പിക്കുന്ന ‘തുല്യതയുള്ള തലമുറ, തുല്യതയുള്ള ഭാവി കെട്ടിപ്പടുക്കാൻ സ്ത്രീകളുടെ അവകാശങ്ങൾ തിരിച്ചറിയുക’ എന്ന സന്ദേശമാണ് ലോകമെങ്ങും ഈ വർഷത്തെ സാർവദേശീയ വനിതാദിനത്തിൽ ചർച്ചചെയ്യപ്പെട്ടത്. ഇന്ന് സ്ത്രീകൾ കടന്നുചെല്ലാത്ത മേഖലകളില്ല എന്ന് ആഹ്ലാദിക്കുമ്പോഴും ഇപ്പോഴും തൊഴിലെടുക്കാൻ കഴിയുന്ന സ്ത്രീകളിൽ പകുതി പോലും ഉയർന്ന വരുമാനം കിട്ടുന്ന തൊഴിലുകളിൽ ഇല്ല എന്നതാണ് വാസ്തവം. ലോകത്തെ വിവിധ പാർലമെന്റുകളിൽ ഇപ്പോഴും സ്ത്രീപങ്കാളിത്തം 25 ശതമാനം മാത്രമാണ്. ഭരണാധികാരികളിൽ 21 ശതമാനം മാത്രമാണ് സ്ത്രീകൾ. ഇന്നും സ്ത്രീകൾക്ക് ബാങ്ക് അക്കൗണ്ട് തുടങ്ങാനോ വായ്പ വാങ്ങാനോ അനുവാദം നൽകാത്ത 72 രാജ്യങ്ങളുണ്ട്! ഈ സാഹചര്യത്തിൽ തുല്യതയെ സംബന്ധിച്ച സന്ദേശങ്ങൾ ഉയർത്തപ്പെടുകയും സമൂഹം അത് ചർച്ച ചെയ്യുകയും ചെയ്യേണ്ടത് ഏറ്റവും പ്രധാനമാണ്.

എന്നാൽ ഇത്തരം ചർച്ചകൾ വർഷത്തിൽ ഒരിക്കൽ സാർവദേശീയ വനിതാദിനത്തിൽ സംഭവിക്കുകയും ഒരു ദിവസത്തെ ആഘോഷ





ത്തോടെ അവസാനിപ്പിക്കുകയും ചെയ്യേണ്ടതല്ല. സന്ദേശങ്ങളിൽ നിന്ന് ചർച്ചകളിലേക്കും അവിടെനിന്ന് പ്രായോഗിക നടപടികളിലേക്കും നീങ്ങേണ്ട ഒരു പ്രവർത്തന പരിപാടി ലിംഗതുല്യതയ്ക്കായി ഉണ്ടാകേണ്ടതുണ്ട്. ഓരോ രാജ്യത്തും ഓരോ പ്രദേശത്തും വ്യത്യസ്തമായ നിലയിൽ ലിംഗവിവേചനം നിലനിൽക്കുന്നു എന്നതുകൊണ്ടുതന്നെ പ്രാദേശിക സാമൂഹ്യ-സാംസ്കാരിക സാഹചര്യങ്ങളെ കണക്കിലെടുത്തുകൊണ്ടുള്ള സമീപനം ആവശ്യമാണ്. അത് തീർച്ചയായും കുടുംബം ഉൾപ്പെടെയുള്ള സമൂഹത്തിലെ എല്ലാ സ്ഥാപനങ്ങളെയും അധികാരബന്ധങ്ങളെയും സംബന്ധിക്കുന്ന പരിശോധന ആകേണ്ടതുണ്ട്.

തുല്യത ആശയതലത്തിൽ മാത്രം നിലനിൽക്കുന്ന ഒന്നല്ല. ദൈനംദിന ജീവിതത്തിൽ ജാതി-മത-ലിംഗ-വർഗ-വർണ വ്യത്യാസമില്ലാതെ എല്ലാവർക്കും ഒരുപോലെ അവകാശങ്ങളും അവസരങ്ങളും സ്വാതന്ത്ര്യവും ലഭിക്കുന്ന അവസ്ഥയാണ് തുല്യത. ഇത് ലഭിക്കണമെങ്കിൽ ഭരണകൂടങ്ങൾ തന്നെ തുല്യത എന്ന സമീപനം അംഗീകരിക്കണം എന്നത് പ്രധാനമാണ്. വിവിധ രാജ്യങ്ങൾ കഴിഞ്ഞ ഒരു നൂറ്റാണ്ടിനിടയിൽ

ദൈനംദിന ജീവിതത്തിൽ ജാതി-മത-ലിംഗ-വർഗ-വർണ വ്യത്യാസമില്ലാതെ എല്ലാവർക്കും ഒരുപോലെ അവകാശങ്ങളും അവസരങ്ങളും സ്വാതന്ത്ര്യവും ലഭിക്കുന്ന അവസ്ഥയാണ് തുല്യത. ഇത് ലഭിക്കണമെങ്കിൽ ഭരണകൂടങ്ങൾ തന്നെ തുല്യത എന്ന സമീപനം അംഗീകരിക്കണം എന്നത് പ്രധാനമാണ്.




ഇതിൽ ഒരുപാട് മുന്നോട്ടുപോയിട്ടുണ്ട്. ഭരണഘടന, നിയമങ്ങൾ, നയപരിപാടികൾ, പദ്ധതികൾ തുടങ്ങി നിരവധി നടപടികളിലൂടെയാണ് തുല്യത ഉറപ്പുവരുത്തുന്നതിനുള്ള സമീപനം ഭരണാധികാരികൾ പ്രാവർത്തികമാക്കേണ്ടത്. നിരവധിയായ സാമൂഹ്യ-സാമ്പത്തിക അസമത്വങ്ങൾ നിലനിൽക്കുന്ന ഒരു രാജ്യം എന്ന നിലയിൽ എല്ലാ വൈവിധ്യങ്ങളെയും കണക്കിലെടുത്തു കൊണ്ടുള്ള ഭരണഘടനയാണ് ഇന്ത്യക്കുള്ളത്. ഭരണഘടനയുടെ ആമുഖത്തിലും 14,15 വകുപ്പുകളിലും ഊന്നിപ്പറയുന്ന സാമൂഹ്യ നീതിയും തുല്യഅവകാശങ്ങളും സംബന്ധിച്ച ഉറപ്പും അതിനെ അടിസ്ഥാനമാക്കി നിർമിക്കപ്പെട്ടിട്ടുള്ള നിരവധി നിയമങ്ങളും തീർച്ചയായും തുല്യതയ്ക്കായുള്ള പോരാട്ടത്തിൽ ശക്തമായ ആയുധങ്ങളാണ്.

എന്നാൽ ഭരണഘടനയും നിയമങ്ങളും ഉറപ്പുനൽകുമ്പോഴും ജാതി-മത-ലിംഗ-വർഗ-വർണാടിസ്ഥാനത്തിലുള്ള തുല്യത എന്തുകൊണ്ട് പ്രായോഗികമായി അനുഭവിക്കാൻ കഴിയുന്നില്ല എന്ന ചോദ്യം അടിസ്ഥാനപ്രശ്നത്തിലേക്ക് വിരൽചൂണ്ടുന്നു. ഭരണഘടനയോ നിയമങ്ങളോ കേവലം തുല്യത വാഗ്ദാനം ചെയ്യുന്നതുകൊണ്ടുമാത്രം ദൈനംദിന ജീവിതത്തിൽ അത് അനുഭവിക്കാൻ കഴിയണമെന്നില്ല എന്നതിന് ഉത്തമ ഉദാഹരണം ഇന്ത്യ തന്നെയാണ്. നമ്മുടെ ഭരണഘടനയുടെ ആർട്ടിക്കിൾ 15 രാജ്യത്തെ പൗരരുടെ മൗലികാവകാശങ്ങളെ കുറിച്ചാണ് പറയുന്നത്. ജാതി-മത-ലിംഗ-വംശത്തിന്റെയോ ജന്മസ്ഥലത്തിന്റെയോ അടിസ്ഥാനത്തിൽ രാജ്യത്ത് പൗരർക്ക് നേരെ വിവേചനം തടയുന്ന ഈ വകുപ്പ് ഉറപ്പുനൽകുന്ന സാമൂഹ്യനീതിയുടെ നിർവഹണം എത്രമാത്രം പ്രായോഗികമായി നമ്മുടെ രാജ്യത്ത് നടപ്പാക്കപ്പെടുന്നുണ്ട് എന്ന് പരിശോധിക്കുമ്പോഴാണ് ലിംഗതുല്യത അടക്കമുള്ള സാമൂഹ്യനീതിക്കെതിരെ അധികാരശക്തികൾ തീർക്കുന്ന വന്മതിലുകൾ കാണാൻ കഴിയുന്നത്.

ജാത്യധികാരം, പണാധിപത്യം, പുരുഷാധിപത്യം തുടങ്ങിയ അധികാരശക്തികളുടെ നിയന്ത്രണത്തിലാണ് ഇന്ത്യൻ സമൂഹം. കുടുംബം മുതൽ ഭരണകൂടം വരെയുള്ള എല്ലാ സ്ഥാപനങ്ങളും എല്ലാ സാമൂഹ്യബന്ധങ്ങളും ഈ അധികാരശക്തികളുടെ ഇച്ഛയ്ക്കനുസരിച്ചാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. വാസ്തവത്തിൽ ഈ അധികാരശക്തികൾക്കെതിരായ പ്രതിരോധമായിട്ടാണ് ഡോ. അംബേദ്കറിനെപ്പോലുള്ളവർ ഭരണഘടനയെ കണ്ടത്. മുതലാളിത്തം അക്രമാസക്തമാകുന്ന തരത്തിൽ കൂടുതൽ ആധിപത്യം സ്ഥാപിക്കുകയും സങ്കുചിത മതതാൽപ്പര്യങ്ങൾ വർഗീയതയെ കെട്ടഴിച്ചുവിടുകയും പൗരത്വം തന്നെ ചോദ്യം ചെയ്യപ്പെടുകയും ചെയ്യുന്ന പുതിയ സാഹചര്യത്തിൽ ഭരണഘടനയുടെ ഉള്ളടക്കം സമര മുദ്രാവാക്യങ്ങളായി മാറുന്ന സാഹചര്യമാണ് രാജ്യത്തുള്ളത്.

ആധിപത്യങ്ങളിൽ ഏറ്റവും സാമൂഹ്യാംഗീകാരം ഇപ്പോഴും ഉള്ളത് പുരുഷാധിപത്യത്തിനാണ്. ഇത് സ്ത്രീകൾക്കുമേൽ മാത്രമുള്ള അധികാരമല്ല, മറിച്ച് കുടുംബം അടക്കമുള്ള സാമൂഹ്യബന്ധങ്ങളെയും സ്വത്തവകാശം പോലുള്ള സാമ്പത്തിക ബന്ധങ്ങളെയും നിർണയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന അധികാരസ്ഥാപനമാണ്. ലിംഗപരമായി വ്യത്യസ്ത



ങ്ങളും അതിനാൽത്തന്നെ വ്യത്യസ്തങ്ങളായ ജൈവധർമ്മങ്ങളും ഉള്ള ജീവികളാണ് സ്ത്രീയും പുരുഷനും എന്നതിൽ ആർക്കും സംശയമില്ല. എന്നാൽ ഈ വ്യത്യാസം കൊണ്ട് ഒരു ലിംഗവിഭാഗത്തിനു മറ്റൊരു ലിംഗവിഭാഗത്തിനുമേൽ ആധിപത്യം ഉണ്ടാകേണ്ട കാര്യമില്ല. കാരണം പരസ്പരപൂരിതങ്ങളായ ജൈവധർമ്മങ്ങൾ ആണ് സ്ത്രീ പുരുഷന്മാർ നിർവഹിക്കുന്നത്. സ്ത്രീകൾക്ക് മേൽ പുരുഷന്മാർക്ക് സ്ഥാപിക്കാൻ കഴിഞ്ഞ അധികാരത്തിന്റെ ചരിത്രം മനുഷ്യസമൂഹത്തിന്റെ സ്വകാര്യസ്വത്ത് സമ്പാദനത്തിന്റെ ചരിത്രത്തോളം പഴക്കമുള്ളതാണ്. താൻ സമ്പാദിക്കുന്ന സ്വത്ത് തന്റെ അവകാശികൾക്ക് തന്നെ കിട്ടണമെന്ന ആണിന്റെ താൽപ്പര്യമാണ് സ്ത്രീലൈംഗികതയെ നിയന്ത്രിക്കുന്ന തരത്തിൽ ഏകദാമ്പത്യവ്യവസ്ഥയ്ക്ക് രൂപം നൽകിയത്.

സാമൂഹ്യവും സാമ്പത്തികവും വൈകാരികവുമായ സുരക്ഷിതത്വം ലഭിക്കുന്ന ഒരിടം എന്ന നിലയിൽ ഇന്ന് കാണുന്ന കുടുംബം എന്ന സ്ഥാപനത്തിന്റെ രൂപീകരണത്തിൽ തന്നെ സ്വത്തിന്റെ കാവൽക്കാരി എന്ന നിലയിലുള്ള സ്ത്രീയുടെ സ്ഥാനം നിർണയിക്കപ്പെട്ടിരുന്നു. എത്രയോ നൂറ്റാണ്ടുകൾ കഴിഞ്ഞിട്ടും ഇപ്പോഴും സ്ത്രീയുടെ പ്രഥമസ്ഥാനവും പ്രധാന ഉത്തരവാദിത്വവും കുടുംബത്തെ ആശ്രയിച്ചാണ് എന്ന സങ്കൽപ്പമാണ് പ്രബലം. അതിനാൽ സ്ത്രീ കുടുംബത്തിനകത്ത് ചെയ്യുന്ന അധ്വാനം സ്വാഭാവിക ധർമ്മമെന്ന നിലയിലും സ്ത്രീ വീടിനുപുറത്ത് ചെയ്യുന്ന അധ്വാനം അനുബന്ധവും അതുകൊണ്ടുതന്നെ മൂല്യം കുറഞ്ഞതും എന്ന നിലയിൽ വിലകുറച്ചു കാണാൻ എളുപ്പമാണ്. ഇത് സ്ത്രീയുടെ അധമപദവിയെ നിർണയിക്കുന്ന പ്രധാന ഘടകമായി മാറുന്നു. അധമപദവി പല നിലയിലാണ് സ്ത്രീജീവിതത്തിൽ അനുഭവപ്പെടുന്നത്.



> നൂറുവർഷംമുമ്പ് സ്ത്രീവിദ്യാഭ്യാസം ദുഷ്കരമായ ഒരു ആശയമായിരുന്നു കേരളത്തിലെങ്കിൽ ഇന്ന് വിദ്യാഭ്യാസമില്ലാത്ത സ്ത്രീ എന്നത് സ്വീകാര്യമല്ലാത്ത സ്ഥിതിയിലേക്ക് സമൂഹം മാറിയിട്ടുണ്ട്. എന്നാൽ ഇപ്പോഴും സ്ത്രീ പുരുഷ തുല്യത എന്ന ആശയത്തെ ഉൾക്കൊള്ളാൻ മാത്രം സമൂഹം മാറിയിട്ടില്ല.

സ്ത്രീകളുടെ മേലുള്ള ഫലപ്രദമായ സാമൂഹ്യനിയന്ത്രണത്തിനായി സൃഷ്ടിക്കപ്പെട്ടിട്ടുള്ള സ്മൃതികളുടെയും ആചാര അനുഷ്ഠാനങ്ങളുടെയും ബലപ്രയോഗത്തിൽ കുടുംബത്തിനകത്ത് തളയ്ക്കപ്പെടുന്നവർ, വീടിനുപുറത്ത് പുരുഷനോടൊപ്പം അധ്വാനിക്കുമ്പോഴും സ്ത്രീയുടെ അധമപദവിയെ ചൂഷണം ചെയ്ത് സ്വന്തം ലാഭം ഉറപ്പിക്കുന്ന മുതലാളിത്തത്തിന്റെ ഇരകളാകുന്നവർ, ഭരണം ഉൾപ്പെടെ രാഷ്ട്രീയ-സാമൂഹ്യ-സാംസ്കാരിക ഇടങ്ങളിൽ കഴിവ് തെളിയിക്കുമ്പോഴും അധമപദവിയുടെ പേരിൽ അവഗണിക്കപ്പെടുന്ന സ്ത്രീകൾ, പുരുഷാധികാരത്തിന്റെ ബലപ്രയോഗങ്ങളിൽ ഏറ്റവും വൃത്തികെട്ടതും മനുഷ്യത്വരഹിതവുമായ ലൈംഗികാതിക്രമങ്ങളുടെ കത്തിമുനയിൽ ജനനം മുതൽ മരണം വരെ കഴിയേണ്ടിവരുന്ന സ്ത്രീകൾ... ഇതെല്ലാംതന്നെ ഏറ്റവും സ്വാഭാവികമാണെന്ന് കരുതുന്ന സമൂഹമനസ് സ്ത്രീയുടെ അവസ്ഥയെ കൂടുതൽ രൂക്ഷമാക്കുന്നു.

തുല്യതയെകുറിച്ച് സംസാരിക്കുമ്പോൾ ഏറ്റവും കഠിനമായ കാര്യം, സ്ത്രീകൾ നേരിടുന്ന അധമപദവി പ്രകൃതിദത്തമോ വിധിയോ അല്ല എന്നും അത് വിവിധ സാമൂഹ്യ വ്യവസ്ഥകളിലൂടെ മനുഷ്യസമൂഹം തന്നെ സൃഷ്ടിച്ച ഒന്നാണ് എന്നുമുള്ള വസ്തുത സ്ത്രീകളെയും പുരുഷന്മാരെയും ബോധ്യപ്പെടുത്തുക എന്നതാണ്. ഇങ്ങനെ തന്നെയാണ് പുരുഷന്റെ ഉയർന്ന പദവിയും സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. സാമൂഹ്യമായി സൃഷ്ടിക്കപ്പെട്ടിട്ടുള്ള ഈ സങ്കൽപ്പങ്ങളുടെ അടിസ്ഥാനത്തിലാണ് സ്ത്രീപുരുഷന്മാരുടെ സാമൂഹ്യ ധർമ്മങ്ങളും നിർണയിക്കുന്നത്. പുരുഷൻ എന്ത് ചെയ്യണം, സ്ത്രീ എന്ത് ചെയ്യണം എന്നൊക്കെയുള്ള റോൾ വിഭജനം പല ദേശങ്ങളിലും പലതാകുന്നത് ഇവ അതാത് സമൂഹമാണ് തീരുമാനിക്കുന്നത് എന്നതുകൊണ്ടാണ്. എന്നുമാത്രമല്ല, കാലം മാറുന്നതിനനുസരിച്ചും ഇത്തരം റോൾ സങ്കൽപ്പങ്ങളിൽ വലിയ മാറ്റം ഉണ്ടാകുന്നുണ്ട്. നൂറുവർഷംമുമ്പ് സ്ത്രീവിദ്യാഭ്യാസം ദുഷ്കരമായ ഒരു ആശയമായിരുന്നു കേരളത്തിലെങ്കിൽ ഇന്ന് വിദ്യാഭ്യാസമില്ലാത്ത സ്ത്രീ എന്നത് സ്വീകാര്യമല്ലാത്ത സ്ഥിതിയിലേക്ക് സമൂഹം



മാറിയിട്ടുണ്ട്. എന്നാൽ ഇപ്പോഴും സ്ത്രീ പുരുഷ തുല്യത എന്ന ആശയത്തെ ഉൾക്കൊള്ളാൻ മാത്രം സമൂഹം മാറിയിട്ടില്ല എന്നുമാത്രമല്ല യാഥാസ്ഥിതിക വിഭാഗം സ്ത്രീകളുടെ മുന്നേറ്റത്തെയും തുല്യത എന്ന സങ്കൽപ്പത്തെ തന്നെയും അട്ടിമറിക്കാൻ ബോധപൂർവമായ ശ്രമങ്ങൾ നടത്തുന്നുമുണ്ട്. ആചാരങ്ങളെയും മതവിശ്വാസത്തെയുമെല്ലാം കൂട്ടുപിടിച്ചുകൊണ്ടാണ് തങ്ങളുടെ സ്ത്രീവിരുദ്ധത അവർ സ്ഥാപിക്കുന്നത്. ഇന്ന് ലോകത്ത് സ്ത്രീകൾ കടന്നുചെല്ലാത്ത മേഖലകളില്ലെന്ന വസ്തുത കണ്ടില്ലെന്നുനടിച്ചുകൊണ്ടാണ് സ്ത്രീകളുടെ കഴിവുകളെ ഇകഴ്ത്തിക്കാട്ടാൻ ഇക്കൂട്ടർ ശ്രമിക്കുന്നത്. സ്ത്രീകളുടെ അധമ പദവി, കൂലിക്കുറവ് അടക്കമുള്ള ചൂഷണത്തിനു കൂടുതൽ സൗകര്യമൊരുക്കുന്നു എന്നതിനാൽ ഇത് നിലനിർത്താൻ തന്നെയാണ് മുതലാളിത്ത ശക്തികളും ആഗ്രഹിക്കുന്നത്.

അപ്പോൾ, നമ്മുടെ രാജ്യത്ത് തുല്യതയ്ക്കു വേണ്ടിയുള്ള പോരാട്ടത്തിൽ പൊരുതേണ്ടത് പ്രധാനമായും മൂന്നു ശക്തികളോടാണ്; സ്ത്രീ പുരുഷ തുല്യപദവിയെ ആശയപരമായിത്തന്നെ എതിർക്കുന്ന മതമൗലികവാദികളും വർഗീയവാദികളും അടക്കമുള്ള യാഥാസ്ഥിതികർ, ലിംഗവിവേചനം ചൂഷണത്തിനുള്ള എളുപ്പവഴിയായി കാണുന്ന മുതലാളിത്ത ശക്തികൾ, സ്ത്രീയുടെ അധമപദവിയും പുരുഷാധികാരവും വിധിയോ പ്രകൃതി സത്യമോ ഒക്കെയായി അംഗീകരിക്കുന്ന സ്ത്രീകളും പുരുഷന്മാരും ഉൾപ്പടെയുള്ള സമൂഹമനസ്സ്. അധമപദവിയുടെ ഭാഗമായി സ്ത്രീകൾ വീടിനുള്ളിലും പുറത്തും നേരിടേണ്ടിവരുന്ന സംഘർഷവും കൂലിവിവേചനമടക്കമുള്ള ചൂഷണവും സാമൂഹ്യവിവേചനവും ലൈംഗികാതിക്രമങ്ങളും സ്ത്രീകളുടെ മാത്രമല്ല മുഴുവൻ സമൂഹത്തിന്റെയും പ്രശ്നമായി കാണുക എന്നതാണ് പ്രധാനം.

സ്ത്രീ പുരുഷ തുല്യത കൂടുതൽ ആരോഗ്യകരവും സന്തോഷകരവുമായ കുടുംബാന്തരീക്ഷവും സാമൂഹ്യജീവിതവും സൃഷ്ടിക്കുമെന്നതിൽ സംശയമില്ല. പക്ഷേ, ഭരണഘടനയും നിയമങ്ങളും തുല്യതയെക്കുറിച്ച് പറയുന്നു എന്നതുകൊണ്ടുമാത്രം തുല്യത സ്ഥാപിക്കപ്പെടില്ല. വ്യക്തി മുതൽ ഭരണകൂടം വരെയുള്ള ഓരോ തലത്തിലും നിലനിൽക്കുന്ന സ്ത്രീവിരുദ്ധതയെ തിരുത്താൻ ബോധപൂർവമായ നടപടികൾ ഉണ്ടാകണം. നിയമങ്ങളുടെ പഴുതുകൾ ഉപയോഗിച്ച് ലിംഗനീതിയെ അട്ടിമറിക്കുന്നത് പരസ്യമായി ചോദ്യംചെയ്യപ്പെടണം. ജനനം മുതൽ പരസ്പരം ബഹുമാനിക്കാനും അംഗീകരിക്കാനും തയ്യാറാകുന്ന തരത്തിൽ ആൺകുട്ടികളെയും പെൺകുട്ടികളെയും വാർത്തെടുക്കുന്നതിന് കുടുംബങ്ങളെ സജ്ജമാക്കുകയും തുല്യതയുടെ അടിസ്ഥാനത്തിൽ ചിന്തിക്കാൻ പക്വതയുള്ള തലമുറയെ പ്രാപ്തമാക്കുന്ന വിദ്യാഭ്യാസം ലഭ്യമാക്കുകയും വേണം. തുല്യതയെ കുറിച്ചുള്ള ചിന്ത അവരവരിൽ നിന്നും തുടങ്ങണം എന്ന സന്ദേശമാണ് പ്രധാനം.



**അരങ്ങ്** • ജിഷ അഭിനയ

# പിന്നരികിൽ നിന്നും പെണ്ണരങ്ങിലേക്കുള്ള ദൂരം

നിങ്ങൾ വിരൽചൂണ്ടിയ ആ ആട്ടക്കാരിപ്പെണ്ണുങ്ങൾ നടന്നുകയറിയ ദൂരമാണ് ഒരുപെൺനാടകക്കാലം. മനുഷ്യസമൂഹത്തിന്റെ ചരിത്രം പ്രതിലോചിന്താധാരകൾ തിരുത്തിയെഴുതുന്ന കാലത്ത്, കലയ്ക്കും കലാകാരനും സാഹിത്യത്തിനും എഴുത്തുകാരനും മരണമണി മുഴങ്ങുന്ന ഒരു കാലത്ത് ലിംഗഭേദത്തിനപ്പുറം പ്രതിരോധത്തിന്റെ ഇടങ്ങളായി മാറണം അരങ്ങുകൾ. അരങ്ങിലെ ഇരുട്ടിനും വെളിച്ചത്തിനുമിടയിൽ ഒരു പെണ്ണുണ്ട്. അവസാനിക്കാത്ത പോരാട്ടത്തിന്റെ കനലുമായി കലയും സമരവും സമന്വയിപ്പിച്ചവൾ.

വർത്തമാനകാല നാടകവേദി പുത്തൻ മാനങ്ങളിലേക്ക് കുതിക്കുമ്പോൾ അതിനോടൊപ്പം പ്രതീക്ഷ പകരുന്നു അതിന്റെ ചിറകുകളിലൊന്നായ സ്ത്രീനാടകവേദിയും. അരങ്ങിന്റെ പിന്നാമ്പുറങ്ങളിൽനിന്നും ഒരുകൂട്ടം പെണ്ണുങ്ങൾ നടന്നുകയറിയത് അരങ്ങിന്റെ വെട്ടത്തിലേക്കുമാത്രമല്ല, വർത്തമാനകാല സമൂഹത്തിന്റെ ഹൃദയഭൂമികയിലേക്കുകൂടിയാണ്. അരങ്ങിൽനിന്നും അവർ ഉറക്കെ ചോദ്യങ്ങൾ ചോദിക്കുന്നു. കണ്ണീരും കലാപവും സമരവും ചേർന്ന ഒരു കാലത്തിന്റെ ആകെ ഉത്തരമാണ് ഇന്നിന്റെ നാടകപ്പെണ്ണുങ്ങൾ. ഭൂതകാലചരിത്രത്തിൽ നഷ്ടമായ ഇടം തിരിച്ചുപിടിക്കൽകൂടിയാണ് അരങ്ങിലെത്തിയ പെണ്ണിന്റെ നാടകം.

നാടകം കളിക്കാൻ നടിയെ കിട്ടാത്തതിന്റെ പേരിൽ വെട്ടും കുത്തുമേൽക്കേണ്ടിവന്ന നാടകങ്ങൾ ഏറെയുണ്ട്. അത്രയേറെ മുറിവേറ്റ ഹൃദയവുമായാണ് ആ നാടകങ്ങളത്രയും അരങ്ങിലെത്തിയത്. സ്ത്രീകഥാപാത്രങ്ങൾ കുറവുള്ള നാടകരചനകൾക്ക് സ്വീകാര്യത ലഭിച്ചതും ഇതിന്റെയടിസ്ഥാനത്തിലാണ്. എന്നാൽ അക്കാലങ്ങളിൽ നിന്നും മലയാളനാടകവേദി ഏറെ മുന്നോട്ടെത്തി. 'പെൺ എണ്ണത്തിലെ വർധന', ഏറെ സന്തോഷകരം. കലാസാംസ്കാരിക ജാഥകളിൽ നൃത്തവും അഭിനയവും പാട്ടുമായി അവളും മുൻനിരയിലുണ്ട്. അവിടെ ഒരൊറ്റ പെണ്ണല്ല നടിക്കുന്നത്. അവളൊന്നാകെയാണ്. അവളുടെ കുടുംബമൊന്നാകെയാണ്. അവളുൾപ്പെടുന്ന സമൂഹമൊന്നാകെയാണ്. അവിടെ അവൾ പങ്കിടുന്ന ആശയം ചർച്ചയായി മാറുന്നതിലൂടെ അരങ്ങിൽ വരച്ചിടുന്ന ഒരു വിഷയത്തിലേക്ക് ഇറങ്ങിച്ചെല്ലുന്ന സ്വാഭാവിക പ്രക്രിയയിലേക്ക് വഴിതുറക്കുകയാണ്. സാമൂഹികവും രാഷ്ട്രീയവുമായ അവളുടെ നിലപാടുകൾക്കാണ് അടിവരയിടുന്നത്.

ഏത് അടിച്ചമർത്തലുകൾക്കുമീതെയും പ്രശ്നങ്ങൾക്കുനേരെ വിരൽചൂണ്ടാനും നിവർന്നുനിൽക്കാനും അവളെ പ്രാപ്തയാക്കിയ ആത്മബോധം, അതാണ് വർത്തമാന അരങ്ങിലെ സ്ത്രീ. അതേറെ പ്രതീക്ഷ പകരുന്നു. അരങ്ങിലെ സ്ത്രീകൾ കൃത്യമായ സാമൂഹ്യ, രാഷ്ട്രീയ ബോധത്തോടെയാണ് ഓരോ വാക്കും ഉരുവിടുന്നത്. ഓരോ ചുവടും മുന്നോട്ടുവയ്ക്കുന്നത്. നാടകത്തിന്റെ പൊലിമ കൂട്ടാനുള്ള കാഴ്ചവസ്തുവിൽ നിന്നും ഇന്നവൾ ഏറെ മാറി. സ്വന്തമാ



യി ചിന്തിക്കുകയും വർത്തമാനം പറയുകയും ചെയ്യുന്നു. സാങ്കേതികതയിലധിഷ്ഠിതമായ രംഗവിന്യാസങ്ങളിലൂടെയാണ് വർത്തമാനനാടകത്തിന്റെ സഞ്ചാരം. അവിടെ ശരീരമല്ല, ചിന്തയുടെ രാഷ്ട്രീയമാണ് അരങ്ങിനാവശ്യം.

പരിമിതികൾക്കും എണ്ണിപ്പറച്ചിലിനുമപ്പുറം വർത്തമാന മലയാള സ്ത്രീനാടകവേദി ഇന്നേറെ അഭിമാനത്തോടെ തലയുയർത്തി നിൽക്കുന്നു. സജിത മഠത്തിൽ, സുധി, രാജ രാജേശ്വരി, ശ്രീലത, എൻ. എസ്. താര എന്നിങ്ങനെ മുമ്പേനടന്ന ഒരു കൂട്ടം സ്ത്രീനാടകപ്രവർത്തകർ, അവർ കൊളുത്തിവച്ച പന്തങ്ങൾ, അതെത്ര തല്ലിക്കെടുത്താൻ തുനിഞ്ഞാലും ഓരോ ഇടങ്ങളിലും ഇന്നത് ആളിപ്പടരുകയാണ്.

രചനകളിൽ തുടങ്ങുന്നു അരങ്ങിലെ പെണ്ണിന്റെ കഥ. 1890 കുട്ടിക്കുഞ്ഞുതങ്കച്ചി എഴുതിയ 'അജ്ഞാതവാസം' നാടകം ഇക്കാലത്തേക്കെത്തുമ്പോൾ രചനാപരമായി കൂടുതൽ ലിംഗപരവും രാഷ്ട്രീയപരവുമായ വിഷയങ്ങൾ ചർച്ച ചെയ്യുന്നു. പലപ്പോഴും ആൺ രചനകളിലൂടെ സംസാരിക്കുന്ന പെൺബോധമാണ് പുരുഷരചനകളുടെ അടിസ്ഥാനം. അതിന്റെ പരിമിതികൾ പല നാടകങ്ങളിലും കാണാം. പെണ്ണായിരിക്കെ മാത്രമെ പെണ്ണത്തം ചർച്ച ചെയ്യാനാവൂ എന്നല്ല, പൂർണമായ അർഥത്തിൽ അതിനെ തള്ളിക്കളയുന്നുമില്ല. പെണ്ണിനെ അറിയുന്നവന് പെൺകാഴ്ചകളെയും പെൺലോകങ്ങളെയും വരച്ചുകാട്ടാനുമാവും. എന്നാൽ ഇടയിലെവിടെയോ നഷ്ടമാകുന്ന ഒരുവളുണ്ട്. അവിടെയാണ് അരങ്ങിൽ ഇന്നും 'അവൾ.'

നഷ്ടമാകുന്ന സ്ത്രീസത്തയെ വീണ്ടെടുക്കാൻ സാധ്യമായ സ്ത്രീപക്ഷ നാടകരചനകൾ പലതും ഇന്നുണ്ട്. എന്നാൽ നില

> നാടകം കളിക്കാൻ നടിയെ കിട്ടാത്തതിന്റെ പേരിൽ വെട്ടും കുത്തുമേൽക്കേണ്ടിവന്ന നാടകങ്ങൾ ഏറെയുണ്ട്. അത്രയേറെ മുറിവേറ്റ ഹൃദയവുമായാണ് ആ നാടകങ്ങളത്രയും അരങ്ങിലെത്തിയത്. സ്ത്രീകഥാപാത്രങ്ങൾ കുറവുള്ള നാടകരചനകൾക്ക് സ്വീകാര്യത ലഭിച്ചതും ഇതിന്റെ അടിസ്ഥാനത്തിലാണ്.





നിലമ്പൂർ ആയിഷ



മാത്രം മതിയെന്ന കൽപ്പനകളെ തുടച്ചുനീക്കാനായിട്ടുണ്ട് ഇന്നിന്റെ നാടകവേദിക്ക്. അരങ്ങിൽ നടിയെ ആവശ്യമാണ്. എന്നാൽ അതിലപ്പുറമുയർന്നാൽ ആ ഉയർച്ചയെ തലയ്ക്കടിച്ച് വീഴ്ത്തുകയെന്ന പൊതുസ്വഭാവം കാണാതെ വയ്യ. അത്തരം വീഴ്ചകളിൽ നിന്നുയർന്നുവന്നവരാണ് പിന്നീട് തലയുയർത്തി നിൽക്കുന്ന ഇന്നത്തെ നാടകപ്പെണ്ണുങ്ങൾ.

1940 ൽ പണിയെടുക്കുന്ന പെണ്ണുങ്ങൾ ഒന്നുചേർന്ന് അവരെക്കുറിച്ചു പറഞ്ഞ 'തൊഴിൽകേന്ദ്രത്തിലേക്ക്' എന്ന നാടകത്തെ സ്പർശിക്കാതെ സ്ത്രീ നാടകപഠനം പൂർണമാകില്ല.

തൊഴിൽകേന്ദ്രത്തിലേക്ക് അരങ്ങിലെത്തിച്ചവരിൽ ജീവിച്ചിരിക്കുന്ന ഏകയാൾ ഭാർഗവി അന്തർജനം എന്ന കാവുങ്കര ഭാർഗവിയാണ്. രചന, സംവിധാനം, അഭിനയം എല്ലാം സ്ത്രീകൾ മാത്രം അണിചേർന്ന നാടകം. പ്രതിരോധത്തിന്റെ പെണ്ണടയാളമായി നാടകം വഴിമാറിയ ചരിത്രമായി അതിനെ രേഖപ്പെടുത്താം. മലയാളത്തിലെ ആദ്യത്തെ ഫെമിനിസ്റ്റ് തിയേറ്റർ എന്നും അവകാശപ്പെടാൻ ഈ നാടകത്തിനാവും. തളിയിൽ ഉമാദേവി, ഇ. എസ്. സരസ്വതി, ആലമ്പിള്ളി ഉമ, എം. സാവിത്രി, ശ്രീദേവി കണ്ണമ്പിള്ളി, പി. പ്രിയദത്ത, വി. എൻ. ദേവസേന എന്നിവരോടൊപ്പം ഭാർഗവിയും അരങ്ങിലെത്തി. ദേവകി, ദേവസേന, പാർവതി, അമരത്താട്ടമ്മ, സാവിത്രി, ശ്രീ



*എം.ജി ശശി അരങ്ങിലെത്തിച്ച തൊഴിൽ കേന്ദ്രത്തിലേക്ക് എന്ന നാടകത്തിൽ നിന്ന്*

ദേവി എന്നീ സ്ത്രീകഥാപാത്രങ്ങളോടൊപ്പം അപ്ഫൻ, വക്കീൽ എന്നീ പുരുഷകഥാപാത്രങ്ങളേയും സ്ത്രീകൾ തന്നെ അവതരിപ്പിച്ചു.

കൊട്ടാനും ആടാനും പാടാനും എല്ലാം പെണ്ണുങ്ങൾ തന്നെ. സംസ്ഥാനത്തെ ഒട്ടേറെ വേദികളിൽ ഈ നാടകം അവതരിപ്പിച്ചു. എം. ആർ. ബി, അക്കിത്തം, നേത്രൻ നമ്പൂതിരിപ്പാട് തുടങ്ങിയവർ നാടകത്തിന് ആവശ്യമായ സഹായങ്ങൾ നൽകി. നാടകം അരങ്ങിലെത്തിയ അതേ വർഷംതന്നെ തൃശൂർ യോഗക്ഷേമം പ്രസിൽ നാടകത്തിന്റെ കോപ്പി പ്രസിദ്ധീകരിച്ചു.

1970 കളിലാകട്ടെ നക്സലൈറ്റ് പ്രസ്ഥാനത്തിന്റെ ഭാഗമായുള്ള കലാസാംസ്കാരിക പ്രവർത്തനങ്ങളിൽ സ്ത്രീകൾ സജീവമായിരുന്നു. പിൽക്കാലത്ത് കെ. ജെ. ബേബിയുടെ 'നാട്ടു

നിൽക്കുന്ന കാഴ്ചാശീലങ്ങളുടെ പൊളിച്ചെഴുതൽ സാധ്യമാകില്ലെന്ന മുൻവിധികൾ, ആ നേർരേഖയിലൂടെതന്നെ അവളും സഞ്ചരിക്കണമെന്ന ആഹ്വാനങ്ങൾ... അതവളെ കൂടുതൽ ബന്ധനസ്ഥയാക്കുന്നു.

നല്ല നടിയോ സംവിധായികയോ ആവുന്നതിനപ്പുറം മികച്ച കാണി കൂടിയാവുകയെന്നത് ഏറെ പ്രധാനമാണ്. എന്നാൽ എത്ര നാടകങ്ങൾ കാണാൻ അവൾക്കാവുന്നുണ്ട്. ജീവിതത്തിന് പുറകെയുള്ള ഓട്ടത്തിൽ അവൾ ആദ്യം മാറ്റിവയ്ക്കുന്നത് തന്റെ 'പ്രിയമേറിയ' ഒന്നിനെയായിരിക്കും. അത് നാടകമായാലും സിനിമയായാലും.

ഒരുപരിധിവരെ അമ്മ, കാമുകി, മകൾ, ഭാര്യ എന്നീ ചട്ടക്കൂടുകളിൽ നിന്നും മാറി സ്ത്രീയെ വ്യക്തിയായി ഇക്കാലം സ്വീകരിക്കുന്നു. ആൺകോയ്മയുടെ ചിന്തകളിൽ അന്നത്തെ ആ ഭാവസ്ത്രീയെ നഷ്ടമായി. സ്വതന്ത്രമായി ചിന്തിക്കുകയും സ്വപ്നം കാണുകയും രാഷ്ട്രീയം ചർച്ചചെയ്യുകയും ചെയ്യുന്ന ഒരുവളെയല്ല, സമരസപ്പെടാനാവാത്ത ആണധികാരങ്ങളുടെ ഏറ്റുപറച്ചിലിൽ കോറസ് രൂപം ആർജിച്ചവളെ

ഗദ്ദിക'യിൽ നിരവധി ആദിവാസി പെൺകുട്ടികൾ അരങ്ങിലെത്തി. 1980 കളിൽ നിരവധി സ്ത്രീ നാടക കൂട്ടായ്മകൾക്ക് കേരളം സാക്ഷ്യംവഹിച്ചു. 1986ൽ പട്ടാമ്പി സംസ്കൃത കോളേജിലെ 'മാനുഷി' നിരവധി സ്ത്രീവിഷയങ്ങളെ ഉയർത്തിക്കാട്ടിയുള്ള നാടകങ്ങൾ അരങ്ങിലെത്തിച്ചു.

1989 ഒക്ടോബറിൽ കേരള ശാസ്ത്രസാഹിത്യ പരിഷത്ത് വനിതാകലാജാഥ സംഘടിപ്പിച്ചു. 1990 സാക്ഷരത ലക്ഷ്യമാക്കി 15 ഓളം കലാസംഘങ്ങൾ 200ലേറെ കലാകാരികളുമായി നാടകം അവതരിപ്പിച്ചു. 1992 ഡിസംബറിൽ കൂത്താട്ടുകുളത്ത് സ്ത്രീനാടക ക്യാമ്പ് അരങ്ങിലെ സ്ത്രീയെ കൂടുതൽ കരുത്തുള്ളവളാക്കി. 1996 ൽ അഭിനേത്രി അവതരിപ്പിച്ച 'എന്റെ ശരീരം എന്റേത്' എന്ന തെരുവ് നാടകം ഏറെ ചർച്ച ചെയ്യപ്പെട്ട ഒന്നായിരുന്നു. സി.എസ് ചന്ദ്രികയുടെ മേധാതിയേറ്ററും ഈ ഉയിർപ്പിന്റെ സാക്ഷ്യമായി. സന്ധ്യാ രാജേന്ദ്രൻ, കുക്കു പരമേശ്വരൻ, ഗീതാ ജോസഫ്, ഐ. ജി. മിനി, ഹിമ ശങ്കർ, കനി, സുനിത, ശൈലജ പി. അമ്പു, ആശാദേവി എന്നിങ്ങനെ നാടകത്തിനായി ജീവിതം സമർപ്പിച്ച എത്രയോപേർ...

നിലമ്പൂർ ആയിഷയുടെ ആത്മകഥയായ 'ജീവിതത്തിന്റെ അരങ്ങ്', എന്ന പുസ്തകത്തിൽ കുഴഞ്ഞുമറിഞ്ഞ ജീവിതം എന്നാണ് അവർ വിശേഷിപ്പിച്ചിരിക്കുന്നത്. യഥാർഥത്തിൽ അതുതന്നെയാണല്ലോ ഓരോ പെൺനാടകജീവിതവും.

തൃശൂരിലെ സമതയും അതിന്റെ സാരഥി പ്രൊഫ. ടി.എ. ഉഷാകുമാരിയും ഈ രംഗത്ത് ഏറെ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ കാഴ്ചവച്ചു. കലയിലൂടെയുള്ള ജനാധിപത്യവൽക്കരണത്തിന്റെ ഭാഷയാണ് അവർ ഇതിലൂടെ തുറന്നുകാട്ടിയത്. 1988ൽ കോലഴിയിൽ നടത്തിയ ദശദിന സംസ്ഥാന നാടകപഠനകളരി സ്ത്രീപക്ഷ ചിന്തകൾക്ക് കൂടുതൽ കരുത്തേകു

വർത്തമാന നാടകചരിത്രത്തിന് പുതിയ ദിശാബോധം പകർന്നയാളാണ് സജിത മഠത്തിൽ. അതിക്രമങ്ങൾക്കെതിരെ പോരാടാൻ സ്ത്രീകൾ സ്വയം പ്രാപ്തരാകണമെന്ന ഓർമപ്പെടുത്തലാണ് അവർ അരങ്ങിലെത്തിച്ച 'കാളി' നാടകം പറയുന്നത്. ശരീരം പെണ്ണിനെ തളയ്ക്കാനുള്ള ആയുധമല്ലെന്നും നാടകം ഓർമപ്പെടുത്തുന്നു.



*'കാളി'യിൽ സജിത മഠത്തിൽ*

ന്നതായിരുന്നു. 1998ലെ കേരള സംഗീത നാടക അക്കാദമി സംഘടിപ്പിച്ച സ്ത്രീ നാടകപണിപ്പുരയുടെ ഡയറക്ടറും ഉഷാകുമാരിയായിരുന്നു. ശിൽപ്പശാലയിൽ പങ്കെടുത്ത സംസ്ഥാനത്തെ വിവിധയിടങ്ങളിൽ നിന്നുള്ള സ്ത്രീനാടകപ്രവർത്തകരുടെ കൂട്ടായ്മയിൽ പിറവിയെടുത്ത നാടകമാണ് 'കുളിമുറി'.

നാഷണൽ സ്കൂൾ ഓഫ് ഡ്രാമയിൽ നിന്ന് 1998ൽ സംവിധാനവും ഡിസൈനിംഗിൽ ബിരുദവും നേടിയ ആദ്യ വനിതയാണ് ഷൈലജ. ഇന്നും നാടകസംബന്ധിയായ എല്ലാ വിഷയങ്ങളിലും മുൻനിരയിൽ തന്നെയാണ് അവരുടെ സ്ഥാനം.

വർത്തമാന നാടകചരിത്രത്തിന് പുതിയ ദിശാബോധം പകർന്നയാളാണ് സജിത മഠത്തിൽ. അതിക്രമങ്ങൾക്കെതിരെ പോരാടാൻ സ്ത്രീകൾ സ്വയം പ്രാപ്തരാകണമെന്ന ഓർമപ്പെടുത്തലാണ് ഇഅവർ അരങ്ങിലെത്തിച്ച 'കാളി' നാടകം പറയുന്നത്. ശരീരം പെണ്ണിനെ തളയ്ക്കാനുള്ള ആയുധമല്ലെന്നും നാടകം ഓർമപ്പെടുത്തുന്നു. മത്സ്യബന്ധനരംഗത്തെ കോർപ്പറേറ്റ് വൽക്കരണത്തെ തുറന്നുകാട്ടുന്നതായിരുന്നു സജിത മഠത്തിലിന്റെ 'മത്സ്യഗന്ധി'. പണിയെടുക്കുന്ന പെണ്ണിന്റെ വിയർപ്പിന്റെ ഗന്ധവും ബഹുമാനം അർഹിക്കുന്നുവെന്നാണ് നാടകം പറയുന്നത്. സ്വന്തം ശരീരത്തെക്കുറിച്ചുള്ള പെണ്ണിന്റെ ആത്മാഭിമാനമാണ് ഇവിടെ തെളിയുന്നത്.

രജിത മധുവിന്റെ 'അബൂബക്കറിന്റെ ഉമ്മ പറയുന്നു' ഏറെ രാഷ്ട്രീയശ്രദ്ധ നേടിയ നാടകമാണ്. അറുപതുകളിലെ രാഷ്ട്രീയ അവസ്ഥകളാണ് നാടകം ചർച്ചചെയ്യുന്നത്.

ഏതുവിഷയത്തിലും വ്യക്തവും കൃത്യവുമായ രാഷ്ട്രീയ നിലപാടുകൾ വ്യക്തമാക്കുന്നുവെന്നതാണ് സുരഭി എന്ന നാടകപ്രവർത്തകയുടെ സവിശേഷത. സൂക്ഷ്മമായ അരങ്ങുനിരീക്ഷണം, രചന, സംവിധാനം എന്നീ രംഗത്ത് അവരെ വേറിട്ടതാക്കുന്നു. ഒച്ച, ആടുപുലിയാട്ടം, ഘോരരാക്ഷസം എന്നീ നാടകങ്ങൾ എടുത്തുപറയേണ്ടവയാണ്.

ലളിതമായ രംഗശൈലിയാണ് ശ്രീജ ആറങ്ങോട്ടുകര എന്ന നാടകപ്രവർത്തകയെ വേറിട്ടതാക്കുന്നത്. അരങ്ങിന്റെ കെട്ടുകാഴ്ചാമത്സരങ്ങളിൽ നിന്നും കുതറിമാറി അവർ സഞ്ചരിക്കുന്നു. ഇതിനെ സദസ് നിറഞ്ഞ കൈയടിയോടെ സ്വീകരിക്കുന്നുവെങ്കിൽ അതവരുടെ നാടകം പറയുന്ന വിഷയങ്ങളുടെ സ്വീകാര്യതയാണ്. ലേബർ റൂമും കലംകാരിയുടെ കഥയും ഇന്നും മനസിൽ തൊട്ടുനിൽക്കുന്ന നാടകങ്ങളാണ്.

പോരാടി വിജയിച്ച് കാണിക്കണമെന്നാണ് നാടകപഠനം നിർത്തിപ്പോകാൻ നിൽക്കുന്ന പെൺകുട്ടികളോട് ആവശ്യപ്പെടാറുള്ളതെന്ന് സ്കൂൾ ഓഫ് ഡ്രാമ അസി. പ്രൊഫസർ നജ്മുൽ ഷാഹി പറയുന്നു. "ആൺകുട്ടികൾക്കൊപ്പം നാടകം കളിക്കുന്ന പെൺകുട്ടികളാണ് ഇപ്പോഴുള്ളത്. പെൺകുട്ടികളാണെന്ന് കരുതിയുള്ള മാറിനിൽക്കൽ ഒട്ടുമില്ല. കുട്ടികളിലെ എണ്ണത്തിലെ വർധന ഏറെ സന്തോഷകരമാണ്. ആദ്യകാലങ്ങളിൽ ഈ വേർതിരിവ് പ്രകടമായിരുന്നു. മോശം കമന്റ് പറഞ്ഞ് താഴ്ത്തിക്കെട്ടും. എന്നാൽ പിന്നീട് ബോധ്യമായി, ഒപ്പം നിൽക്കേണ്ടവളാണ് ഞാനുമെന്ന്. എന്നാൽ ചിലപ്പോഴെല്ലാം തോന്നാറുണ്ട്, ഇപ്പോഴും അത്തരം സമീപനങ്ങളിൽ നിന്ന് മാറാൻ നമ്മുടെ സമൂഹത്തിന് പൂർണമായും കഴിഞ്ഞിട്ടില്ലെന്ന്".



*മത്സ്യഗന്ധിയിൽ ഷൈലജ പി അമ്പു*

അതത് കാലത്തെ സാമൂഹ്യ രാഷ്ട്രീയ വിഷയങ്ങളിൽ സ്ത്രീകൾ അപ്പപ്പോൾ ഇടപെടുന്നുവെന്നതിന്റെ ഉദാഹരണമാണ് സ്കൂൾ ഓഫ് ഡ്രാമ അസി. പ്രൊഫസർ മെയ്ബി അവതരിപ്പിച്ച '28' എന്ന നാടകം. ആർത്തവം അശുദ്ധിയല്ലെന്ന ഓർമപ്പെടുത്തലാണ് നാടകം മുന്നോട്ടുവക്കുന്നത്.

'സ്ത്രീക്ക് പൊതുവെ നാടകം ചെയ്യാനറിയില്ലെന്ന മുൻവിധികൾ ഇപ്പോഴും നിലനിൽക്കുന്നുണ്ട്. നാട്ടിൻപുറങ്ങളിൽ ഇപ്പോഴും ഈ സമീപനത്തിന് ഒരുമാറ്റവും വന്നിട്ടില്ല. പഠിപ്പിക്കുന്ന വിദ്യാർഥികൾക്കിടയിൽപ്പോലും ഈ ചിന്തയ്ക്ക് കുറവില്ല. ഞാനെപ്പോഴും എന്റെ



ഉള്ളിലെ സ്ത്രീയെയാണ് പുറത്തുകൊണ്ടുവരുന്നത്. അതാണ് ശരിയെന്നാണ് എന്റെ വിശ്വാസം.' മെയ്ബി പറയുന്നു.

'പെണ്ണുയിരിന്റെ പ്രത്യയശാസ്ത്രം' എന്ന ഏകപാത്ര നാടകം അരങ്ങിലെത്തിക്കുന്ന കോഴിക്കോട്ടെ നാടകകലാകാരിയാണ് അജിത നമ്പ്യാർ. 'യഥാർഥത്തിൽ നടികൾക്ക് ഇന്നും അർഹമായ പ്രാധാന്യം ലഭിക്കുന്നില്ല. കഴിവുള്ളവർക്കേ നിലനിൽപ്പുള്ളൂ. പക്ഷേ, പലനടികൾക്കും കുറഞ്ഞ പ്രതിഫലമാണ് ലഭിക്കുന്നത്' അവർ പറയുന്നു. ഈ വിധത്തിൽ നാടകരംഗത്തെ നൂറുസ്ത്രീകളോട് സംസാരിച്ചാൽ കിട്ടുന്ന ഏകകമായൊരു ഉത്തരമുണ്ട്. അതാണ് ജീവിതം അവരെ പഠിപ്പിച്ച വലിയ പാഠവും.

നാടക പരിസരം മാറുന്നുണ്ട്. ജീവിതത്തിന്റെ താളം കണ്ടെത്താൻ അരങ്ങിൽ വീണടർന്നുപോയ പഴയകാല പ്രൊഫഷണൽ നാടക നടിമാരിൽനിന്നും ഇന്നിലേക്ക് നടന്നുകയറിയ പെണ്ണരങ്ങ് ചരിത്രത്തിന്റെ ഭാഗമാണ്. നിരീക്ഷകരോ, വ്യാഖ്യാതാക്കളോ, പഠിതാക്കളോ നിർവചിക്കുന്ന അർഥത്തിൽ പെണ്ണരങ്ങ് എന്ന ലിംഗാധിഷ്ഠിത കാഴ്ചപ്പാടിന് പുറത്താണ് വർത്തമാനകാല അരങ്ങിലെ സ്ത്രീ. ബഹുഭൂരിപക്ഷം കലാകാരികളും പെൺനാടകമെന്ന വട്ടത്തെ മുറിച്ചുകടക്കുന്നുണ്ട്. ജനിച്ചുവീഴും കാലം മുതൽ ചുറ്റും നിറയുന്ന വട്ടങ്ങളിൽ ഘടികാരസൂചിയായി മാറിയവർ, കുടുംബം എന്ന വട്ടം ഭേദിച്ച് കടന്നെങ്കിലും പൊതുബോധം സൃഷ്ടിക്കുന്ന അദൃശ്യമായ വൃത്തങ്ങൾ ഇന്നലെകളിലെന്ന പോലെ ഇന്നും ചുറ്റുമുണ്ട്.

പെണ്ണിനായി മാറ്റിവച്ചതെന്ന് നിർവചിക്കപ്പെട്ട ഇടങ്ങളുണ്ടാവുകയും അതിനപ്പുറം കടക്കാൻ വിസമ്മതിക്കുകയും ചെയ്യുന്ന പൊതുബോധം അരങ്ങിലും ശക്തമാണ്. രചന, സംവിധാനം, ദീപവിതാനം, സംഗീതം, രംഗസജ്ജീകരണം തുടങ്ങിയ മേഖലകളിൽ സജീവമായ സ്ത്രീകൾ വളരെ കുറവാണ്. ന്യൂനപക്ഷമെങ്കിലും ഈ രംഗങ്ങളിലുള്ള സ്ത്രീകൾ വിപ്ലവകരമായ ഇടപെടൽ നടത്തുന്നു എന്നത് ആഹ്ലാദകരമാണ്. രംഗഭാഷയിൽ പോലും അതുണ്ടാക്കുന്ന മാറ്റം ശ്രദ്ധേയമാണ്. കലാവതരണത്തിൽ പുരോഗമനപരമായ മാറ്റങ്ങൾ സൃഷ്ടിക്കപ്പെടുമ്പോഴും സൃഷ്ടിപരവും പ്രമേയപരവും ആശയപരവുമായ മേഖലകളിൽ നാമറിയാതെ നിലയുറപ്പിച്ച ചില കാഴ്ചപ്പാടുകൾ ഇന്നും തുടരുന്നു.

പ്രൊഫഷണൽ നാടകകാലത്തെ നടി, തൊഴിലെന്ന നിലയ്ക്ക് അരങ്ങിനെ കാണുകയും രാവിനെ പകലാക്കുകയും ചെയ്തപ്പോൾ പോലും വെറുതെ വിടാത്ത 'രാത്രിബോധം' ഇന്നലെകളിലെന്നപോലെ വിടാതെ പിന്തുടരുന്നുണ്ട്. അതിനെ നേരിടേണ്ടിവരാത്ത അക്കാദമിക നാടകക്കാരിയോ, അമേച്വർ നാടകക്കാരിയോ, നാടകപഠിതാവോ ഉണ്ടാവില്ല. സദാസമയവും 'ബോഡി കോൺഷ്യസ്' ആയിരിക്കുക എന്ന 'പിറവി ദോഷം' അരങ്ങിലും പിന്തുടരുന്നു. ശരീരത്തെ 'പ്രോപ്പർട്ടി' മാത്രമാക്കി മാറ്റി

അരങ്ങിൽ കലാപം സൃഷ്ടിക്കുന്നവർക്ക് നേരിടേണ്ടി വരുന്ന ആക്രമണങ്ങൾ, പുരോഗമനപരമെന്ന് നാം ചിന്തിക്കുന്ന ചില കോണുകളിൽനിന്നുപോലും ഉണ്ടാവുന്നു എന്നതും വേദാനാജനകമാണ്. ബദൽ അരങ്ങുകൾ രൂപപ്പെടുന്നതും കൂട്ടിച്ചേർക്കാതെ വയ്യ. കുടുംബ സ്ത്രീയിൽനിന്നും കുടുംബ'ശ്രീ' ആയി മാറിയ കേരളത്തിന്റെ പെൺപടയാണ് അതിന് നേതൃത്വം. അരലക്ഷം വരുന്ന രജിസ്ട്രേഡ് അംഗങ്ങളുള്ള കുടുംബശ്രീ തൊഴിലിടത്തിൽ മാത്രമല്ല അരങ്ങിലും ശക്തിതെളിയിക്കുന്നു. രംഗശ്രീ എന്ന പേരിലുള്ള കമ്യൂണിറ്റി തിയേറ്റർ എന്ന ആശയം തീർച്ചയായും വലിയ മാറ്റത്തിന്റെ ശബ്ദമാണ്. കേരള നവോത്ഥാന കാലഘട്ടത്തിൽ ഇല്ലങ്ങളിൽനിന്നും തൊഴിൽ കേന്ദ്രത്തിലേക്ക് നടന്നടുത്ത നമ്പൂതിരി സ്ത്രീകൾ അരങ്ങിനെ ആയുധമാക്കിയത് അവരുടെ ജീവിതസാഹചര്യങ്ങൾ നൽകിയ തിരിച്ചറിവിൽ നിന്നായിരുന്നു. ചരിത്രം ആവർത്തിക്കപ്പെടുകയാണ്. ജീവിത പോരാട്ടത്തിനായി വീട്ടകങ്ങൾവിട്ട് കൂട്ടായ്മയുടെ തൊഴിലിടങ്ങൾ സൃഷ്ടിച്ചവർ, അവരിന്ന് കൂടിയിരുന്ന് കഥ പറയന്നു... ഓരോരുത്തരുടെയും ജീവിതകഥ... അവിടെ ഒരു നാടകം പിറന്നു 'മാറുന്ന താളുകൾ'. നിരവധി വേദികൾ... മണ്ണിന്റെ മണമുള്ള ഒരു പുത്തൻ അരങ്ങിനെ കേരളം മുഴുവൻ വാർത്തെടുക്കാനുള്ള ശ്രമത്തിലാണ് ഇവർ. അക്കാദമിക് നാടകങ്ങൾക്കൊപ്പം തന്നെ കേരളത്തിൽ ഗ്രാമീണ നാടകങ്ങളിലും സ്ത്രീപക്ഷം ശക്തമാകുന്നു എന്നത് അഭിമാനാർഹമാണ്... അത് ഒരുപാട് പ്രതിസന്ധികൾക്കിടയിൽ നിന്നും രൂപപ്പെടുമ്പോൾ ഏറെ ആവേശകരവും.



*ശ്രീജ ആറങ്ങോട്ടുകര*

1978ൽ സ്കൂൾ ഓഫ് ഡ്രാമയിലെ ആദ്യബാച്ച് മുതൽ പെൺകുട്ടികളുടെ എണ്ണത്തിലുണ്ടായിരുന്ന കുറവ് ഇന്നേറെ മാറി. രചന, സംവിധാനം, ദീപവിതാനം, രംഗവിതാനം എന്നിങ്ങനെ എല്ലാരംഗവും പഠനവിധേയമാക്കാൻ സ്ത്രീകൾ താൽപ്പര്യപ്പെടുന്നു. എന്നാൽ അവരെ അതെല്ലാം പൂർണമായി ഏൽപ്പിക്കാൻ വിമുഖത കാട്ടുന്ന പുരുഷബോധം, അതവന്റെ സ്ത്രീയിലുള്ള ആത്മവിശ്വാസക്കുറവിന്റെ അടയാളമാണ്. അതാണ് ഇന്നും പിടിവിടാത്ത പ്രശ്നം. ആരും വഴികൾ തുറന്നുകാട്ടുകയല്ല. ഞങ്ങളുടെ വഴികൾ ഞങ്ങൾ കണ്ടെത്തുന്നതുതന്നെയാണെന്നാണ് ഇന്നിന്റെ സ്ത്രീ അരങ്ങിൽ നിന്നുറക്കെ പറയുന്നത്.

അഭിനയ എന്ന പേരിൽ തൃശൂർ കുറ്റൂരിൽ ഒരു നാടകസമിതിക്ക് രൂപം നൽകുമ്പോൾ ഏറെ ആശങ്കയായിരുന്നു. അരങ്ങിനെ കൂടുതൽ സ്ത്രീ സൗഹൃദമാക്കുകയെന്ന ലക്ഷ്യത്തോടെയാണ് മിക്ക അവതരണങ്ങളും. ഏലി ഏലി ലമാസബക്താനി, സാവിത്രി, ഒറ്റ എന്നീ നാടകങ്ങളെല്ലാം അവയിൽ ചിലതാണ്. വിശാലമായ അരങ്ങവതരണത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ തന്നെ സ്ത്രീ പ്രാതിനിധ്യക്കുറവ് ആദ്യമേ അലോസരപ്പെടുത്തും. എങ്കിലും ലിംഗഭേദമില്ലാത്ത അരങ്ങവതരണങ്ങൾ ഇവിടെ സ്വന്തം. അരങ്ങിലും പുറത്തും ഒപ്പമുണ്ട് ഒരു കൂട്ടം പുരുഷകലാകാരന്മാർ. ആ കൂട്ടായ്മയിൽ അരങ്ങേറിയ നാടകങ്ങളെല്ലാം അരികുവൽക്കരിക്കപ്പെട്ടവരുടെയും സ്ത്രീപക്ഷത്തിന്റെയും അടയാളപ്പെടുത്തലുകളായിരുന്നു.

ഇന്നീക്കാലത്ത് ചീത്ത, നല്ല ബോധധാരാപ്രയോഗങ്ങളുടെ ഏറ്റുമുട്ടലിൽ മരിച്ചുവീണ പെണ്ണിനെയല്ല ഇവിടെ പ്രതിനിധാനം ചെയ്യുന്നതെന്ന് ഏറെ തലയുയർത്തി പറയാം. നിങ്ങൾ വിരൽചൂണ്ടിയ ആ ആട്ടക്കാരിപ്പെണ്ണുങ്ങൾ നടന്നുകയറിയ ദൂരമാണ് ഒരുപെൺനാടകക്കാലം. മനുഷ്യസമൂഹത്തിന്റെ ചരിത്രം പ്രതിലോമചിന്താധാരകൾ തിരുത്തിയെഴുതുന്ന കാലത്ത് കലയ്ക്കയും കലാകാരനും സാഹിത്യതത്തിനും എഴുത്തുകാരനും മരണമണി മുഴങ്ങുന്ന ഒരു കാലത്ത് ലിംഗഭേദത്തിനപ്പുറം പ്രതിരോധത്തിന്റെ ഇടങ്ങളായി മാറണം അരങ്ങുകൾ. അരങ്ങിലെ ഇരുട്ടിനും വെളിച്ചത്തിനുമിടയിൽ ഒരു പെണ്ണുണ്ട്. അവസാനിക്കാത്ത പോരാട്ടത്തിന്റെ കനലുമായി കലയും സമരവും സമന്വയിപ്പിച്ചവൾ. ◀|

**ആരോഗ്യം** • ഡോ. ജി ആർ സന്തോഷ്കുമാർ

കോവിഡ്–19 രോഗസംക്രമണ കാലത്ത് നാം ജാഗ്രത പുലർത്തേണ്ട മറ്റൊരു പകർച്ചവ്യാധി കൂടിയുണ്ട്. ഡെങ്കിപ്പനി. ഈ രണ്ടുരോഗങ്ങളും ഒറ്റയ്ക്കും ഒരുമിച്ചും പിടിപെടാനുള്ള സാധ്യതയാണ് മഴ ആരംഭിച്ചു കഴിഞ്ഞിരിക്കുന്ന വരുന്ന ആഴ്ചകളിൽ നമ്മെ കാത്തിരിക്കുന്നത്.

ഈ രണ്ടു രോഗങ്ങളുടെയും പ്രത്യേകത ശരിയായ പ്രതിരോധ മാർഗങ്ങളിലൂടെ അവയെ പൂർണമായും ഒഴിവാക്കാൻ കഴിയും എന്നതാണ്. രണ്ടിന്റെയും കുഴപ്പം സങ്കീർണമായ രോഗാവസ്ഥകളിലേക്കോ, മരണത്തിലേക്കോ അവ നയിക്കാം എന്നതുമാണ്.

ഡെങ്കിപ്പനി പൊട്ടിപ്പുറപ്പെടുന്ന സാഹചര്യമുണ്ടായാൽ, അതിനെ മാത്രമായി പ്രതിരോധിക്കുന്നത് നടക്കുന്ന കാര്യമല്ല. കോവിഡിനെതിരെ ജാഗ്രത പുലർത്താതെ



# കോവിഡും ഡെങ്കിപ്പനിയും

## എങ്ങനെ തിരിച്ചറിയും? എങ്ങനെ പ്രതിരോധിക്കും?



ഡെങ്കിയെ വരുതിയിലാക്കാൻ കഴിയും എന്ന് വിചാരിക്കരുത്. അതുപോലെ ഡെങ്കിപ്പനിയെ നിയന്ത്രിക്കാതെ കോവിഡിനെ പിടിച്ചുകെട്ടാനുമാവില്ല.

മറിച്ചായാൽ രണ്ടും പിടിവിട്ടുപോവും. ജനങ്ങൾ(ളെ) കൂട്ടായി പ്രതിരോധ പ്രവർത്തനങ്ങളിൽ പങ്കാളികളാവാതെ/പങ്കാളികളാക്കാതെ രോഗപ്രതിരോധ സംരംഭങ്ങൾ ഫലപ്രദമാകില്ല. ഈ രണ്ടു രോഗങ്ങളുടെയും പ്രത്യേകത അതാണ്. വലിയ സാമൂഹിക- ആരോഗ്യ- വിദ്യാഭ്യാസം ഇക്കാര്യത്തിൽ വേണ്ടതാണ്.


രണ്ട് രോഗങ്ങളുടെയും സങ്കീർണതകളുടെ വിവിധ ഘട്ടങ്ങളെക്കുറിച്ച് ഡോക്ടർമാർക്ക് നല്ല ധാരണയുണ്ട്. അവയെ എങ്ങനെ നേരിടണമെന്ന് നല്ല ബോധ്യമുള്ളവരാണ് നമ്മുടെ ഡോക്ടർമാരും നഴ്സുമാരും ആരോഗ്യ പ്രവർത്തകരും. എന്നാൽ അത്തരം അവസ്ഥകൾ ആർക്കൊക്കെ ഉണ്ടാവുമെന്ന് മുൻകൂട്ടി പ്രവചിക്കാനാവില്ല. അതിനാൽ രോഗം തീഷ്ണമാകാൻ സാധ്യതയുള്ളവരെ സൂക്ഷ്മമായി നിരീക്ഷിക്കേണ്ടിവരും. ഗുരുതരമായ അവസ്ഥയിലേക്ക് ഏതൊരു വ്യക്തിയേയും കൊണ്ടെത്തിക്കാൻ കഴിയുന്നവയാണ് രണ്ട് രോഗങ്ങളെങ്കിലും ഭൂരിപക്ഷം പേരിലും മറ്റുകുഴപ്പങ്ങൾ ഉണ്ടാകാതെ രോഗശമനം സംഭവിക്കുന്നു എന്നതാണ് ഇപ്പോൾ ആശ്വാസകരമായ കാര്യം.

> കോവിഡിന്റെയും ഡെങ്കിപ്പനിയുടെയും പ്രത്യേകത ശരിയായ പ്രതിരോധ മാർഗങ്ങളിലൂടെ അവയെ പൂർണമായും ഒഴിവാക്കാൻ കഴിയും എന്നതാണ്. രണ്ടിന്റെയും കുഴപ്പം സങ്കീർണമായ രോഗാവസ്ഥകളിലേക്കോ, മരണത്തിലേക്കോ അവ നയിക്കാം എന്നതുമാണ്.

എന്നാൽ രോഗം സങ്കീർണമാകുന്ന ചെറിയ വിഭാഗത്തെ നേരത്തെ കണ്ടുപിടിക്കാൻ കഴിയാത്തതിനാൽ ഈ രണ്ടുരോഗങ്ങളും ജനങ്ങളിൽ വലിയ ഭീതിയുളവാക്കും. ഈ ഭീതിയെ ശാസ്ത്രബോധത്തിന്റെ അടിസ്ഥാനത്തിലുള്ള സ്വയം സംരക്ഷണമാക്കി മാറ്റുകയാണ് വേണ്ടത്. നമ്മൾ പ്രധാനമായും തിരിച്ചറിയേണ്ട വസ്തുത ഇതാണ്. ആശുപത്രികളിൽ പോയി ഈ രോഗങ്ങൾ ചികിത്സിച്ചുമാറ്റാം എന്ന് ആരും വിചാരിക്കരുത്. പകരം ചികിത്സിക്കേണ്ട അവസ്ഥയിലേക്ക് എത്തിക്കാതെ പ്രതിരോധത്തിലൂടെ രണ്ട് വ്യാധികളെയും എങ്ങനെ ഒഴിവാക്കാം എന്നാണ് ആലോചിക്കേണ്ടത്.

അതായത്, ഈ രോഗമുണ്ടാക്കുന്ന വൈറസുകൾ ശരീരത്തിൽ കയറി കുഴപ്പമുണ്ടാക്കാനുള്ള സാഹചര്യം ഇല്ലാതാക്കുകയാണ് വേണ്ടത്. രോഗലക്ഷണങ്ങളിൽ ചിലത് (പ്രത്യേകിച്ചും പനി, ദേഹംവേദന) രണ്ട് രോഗങ്ങൾക്കും സമാനമായതുകൊണ്ട് തുടക്കത്തിൽ രണ്ടിനെയും തിരിച്ചറിയാൻ ബുദ്ധിമുട്ട് ഉണ്ടായേക്കാം. എന്നാൽ പരിചയസമ്പത്തുള്ള ഒരു ക്ലിനിഷ്യന് രണ്ട് രോഗങ്ങളെയും വ്യത്യസ്തമായി കാണാൻ കഴിയും. അതുകൊണ്ട് ചികിത്സിക്കുന്ന ഡോക്ടറെ വിശ്വസിക്കുക.

ലാബോറട്ടറി പരിശോധനകളെക്കാൾ സ്വന്തം ഡോക്ടറുടെ വാക്കുകൾക്ക് പ്രാധാന്യം നൽകുക എന്നത് ഏതൊരു പകർച്ചവ്യാധിയുടെയും ചികിത്സയ്ക്ക് അത്യന്താപേക്ഷിതമാണ്. കോവിഡിന്റെ കാര്യത്തിലും അങ്ങനെതന്നെയാണ്.



കോവിഡ്-19 ജലദോഷ സമാനമായ ഒരു രോഗമാണ്. അതായത്, തൊണ്ട, ശ്വസനനാളികൾ, ശ്വാസകോശങ്ങൾ എന്നിവയെയാണ് വൈറസ് പ്രധാനമായും ബാധിക്കുന്നത്. അതുകൊണ്ട് പനി, ചുമ, ജലദോഷം, ശ്വാസതടസ്സം തുടങ്ങിയവയായിരിക്കും കോവിഡിന്റെ പ്രധാന ലക്ഷണങ്ങൾ. എന്നാൽ, ഡെങ്കിപ്പനി ശ്വാസകോശങ്ങളെയോ, ശ്വസനനാളികളെയോ ബാധിക്കുന്ന രോഗമല്ല. അതിനാൽ ചുമയും ജലദോഷവും മൂക്കൊലിപ്പുമൊന്നും ഡെങ്കിയുടെ ലക്ഷണങ്ങളല്ല.

പനി, എല്ലുനുറുങ്ങുന്ന തരത്തിലുള്ള വേദന, ഉഗ്രൻ തലവേദന, കഠിനമായ ശരീരവേദന, സന്ധിവേദന, ദേഹത്തു ചെമപ്പ് എന്നിവയാണ് ഡെങ്കിയുടെ ലക്ഷണങ്ങൾ.

ചുരുക്കത്തിൽ പനിയോടൊപ്പം ചുമ, തുമ്മൽ, മൂക്കൊലിപ്പ്, ശ്വാസംമുട്ടൽ എന്നാണെങ്കിൽ കോവിഡ്. പനിയോടൊപ്പം കഠിനമായ തലവേദന, ശരീരവേദന, സന്ധിവേദന എന്നാണെങ്കിൽ ഡെങ്കിപ്പനി.

എന്നാൽ ഏറ്റവും പ്രധാനപ്പെട്ട കാര്യം ഇതാണ്: എല്ലാ ചുമയും ജലദോഷവും ശ്വാസതടസ്സവും കോവിഡല്ല. കോവിഡിന് സമാനമായ ലക്ഷണങ്ങളുണ്ടാക്കുന്ന നിരവധി വൈറസുകൾ നമ്മുടെ നാട്ടിലുണ്ട്. ഓരോ വർഷവും മഴയ്ക്ക് ശേഷം ഉണ്ടാകുന്ന ജലദോഷപ്പനി ഇത്തരം വൈറസ് മൂലമുണ്ടാവുന്നതാണ്. H1N1 പനിയുടെ ലക്ഷണവും ഇതുതന്നെയാണ്. മഴ തുടങ്ങുന്നതോടുകൂടി ഏത് ജലദോഷപ്പനിയാണ് പിടികൂടിയിരിക്കുന്നത് എന്നകാര്യത്തിൽ എല്ലാവരും ആശയക്കുഴപ്പത്തിലാകും.

> എല്ലാ ചുമയും ജലദോഷവും ശ്വാസതടസ്സവും കോവിഡല്ല. കോവിഡിന് സമാനമായ ലക്ഷണങ്ങളുണ്ടാക്കുന്ന നിരവധി വൈറസുകൾ നമ്മുടെ നാട്ടിലുണ്ട്. ഓരോ വർഷവും മഴയ്ക്ക് ശേഷം ഉണ്ടാകുന്ന ജലദോഷപ്പനി ഇത്തരം വൈറസ് മൂലമുണ്ടാവുന്നതാണ്. H1N1 പനിയുടെ ലക്ഷണവും ഇതുതന്നെയാണ്.

സാധാരണ ജലദോഷപ്പനി പോലും കോവിഡ് ആണെന്നുവിചാരിച്ച് വെപ്രാളപ്പെടുന്നതായിരിക്കും പകർച്ചവ്യാധിയെക്കാൾ നാം നേരിടാൻ പോകുന്ന വിഷയം. അതിനാൽ ഇക്കാര്യത്തിൽ ശരിയായ ധാരണയും തുടർച്ചയായ ആശയസംവേദനവും ജനങ്ങൾക്ക് നൽകേണ്ടത് വളരെ പ്രധാനപ്പെട്ട വിഷയമാണ്. മികച്ച ആരോഗ്യ സാക്ഷരതാ പദ്ധതികൾ ഇല്ലെങ്കിൽ വരാൻ പോകുന്ന നാളുകളിൽ സർക്കാരും ആരോഗ്യവകുപ്പും ബുദ്ധിമുട്ടും എന്ന കാര്യത്തിൽ ആർക്കും ഒരു സംശയവും വേണ്ട.

ജനങ്ങൾ ചെയ്യേണ്ടത് ഇതാണ്: ജലദോഷമോ, പനിയോ പിടികൂടുന്നെങ്കിൽ സ്വയം തീരുമാനങ്ങൾ എടുക്കാതെ തൊട്ടടുത്തുള്ള ഡോക്ടറുമായോ ആരോഗ്യപ്രവർത്തകരുമായോ ബന്ധപ്പെട്ടിട്ട് തുടർനടപടികൾ സ്വീകരിക്കണം. എന്നാൽ, മഴ വരുന്നതോടുകൂടി നമ്മുടെ ഡോക്ടർമാരും ആരോഗ്യപ്രവർത്തകരും നിന്നുതിരിയാൻ സമയമില്ലാത്തവിധം തിരക്കിലാകും. രോഗമുള്ളവരെ കേൾക്കണോ, രോഗമില്ലാത്തവരെ കേൾക്കണോ എന്ന കാര്യത്തിൽ ഒരു നിശ്ചയവുമില്ലാതായിത്തീരും.


അതിനാൽ, നമ്മുടെ ആരോഗ്യത്തിന് ഏറ്റവും നല്ലത്, കഴിവതും ആശുപത്രികളിലേക്ക് പോകാനുള്ള സാഹചര്യങ്ങൾ നമ്മൾ തന്നെ കൂട്ടായി ഒഴിവാക്കുകയെന്നതാണ്.

കോവിഡ് 19, ഡെങ്കിപ്പനി, ജലദോഷപ്പനി, H1N1 തുടങ്ങിയ അസുഖങ്ങൾ വരാതിരിക്കാനുള്ള നടപടികൾ മുൻകൂർ സ്വീകരിക്കണം.

അതിനായി വേണ്ടത് പ്രധാനമായും രണ്ടുകാര്യങ്ങളാണ്.

1. ആഴ്ചയിലൊരിക്കൽ വീടിനും പരിസരത്തും കെട്ടിക്കിടക്കുന്ന വെള്ളം ചോർത്തിക്കളയുക.

ഡെങ്കിപ്പനിക്ക് കാരണക്കാരായ വൈറസിനെ പരത്തുന്ന ഈഡിസ് കൊതുകുകൾ ശുദ്ധജലത്തിൽ മുട്ടയിടുന്നു. ആഴ്ചയിൽ ഒരിക്കൽ മുട്ടവിരിഞ്ഞു പുതിയ കൊതുകുകൾ ഉണ്ടാകുന്നു. പൂച്ചട്ടികളും റെഫ്രിജറേറ്ററും കൂളറുകളും ഉൾപ്പെടെ പരിശോധിക്കുക. മിക്കവാറും വെള്ളം കെട്ടിനിന്ന് അവിടെയൊക്കെ കൂത്താടികൾ വളരുന്നുണ്ടാവും. പുറമേ നിന്നുവന്ന് അച്ചടക്കത്തോടെ ക്വാറന്റൈൻ ഇരിക്കുന്നവരല്ല, നിങ്ങളുടെ തന്നെ വീടുകളിലുള്ള കൂത്താടികളായിരിക്കും നിങ്ങളെ കുഴപ്പത്തിലാക്കാൻ പോകുന്നത്. വീട്ടുപറമ്പിൽ കുഴിയെടുത്തിട്ട് മൂടാതിട്ടിരിക്കുന്നവർ ശ്രദ്ധിക്കുക. മഴ കനക്കുന്നതിന് മുൻപ് കുഴിമൂടിയില്ലെങ്കിൽ ജന



ങ്ങളുടെ ആരോഗ്യത്തിന് എതിരായി പ്രവർത്തിക്കുന്ന കുറ്റത്തിന് നിങ്ങൾക്കെതിരെ നിയമനടപടി സ്വീകരിക്കാനുള്ള വകുപ്പുണ്ട്.

വെള്ളം കെട്ടിനിൽക്കാൻ സാധ്യതയുള്ള സാധങ്ങൾ, പഴയ വസ്തുകൾ, പൊളിഞ്ഞ വാഹനങ്ങൾ എന്നിവ എവിടെയെങ്കിലും കൂടിക്കിടക്കുന്നതായി കണ്ടാൽ പഞ്ചായത്തിനെ അറിയിക്കണം. അവ നീക്കം ചെയ്തില്ലെങ്കിൽ കൊതുകുകൾ പെരുകി ഡെങ്കിപ്പനി പടർന്നുപിടിക്കും. ഒരു സംശയവും വേണ്ട.

2. എപ്പോഴും മാസ്ക് ധരിക്കുക.

മറ്റൊരാളിൽ നിന്ന്/ പ്രത്യേകിച്ചും ആ വ്യക്തി ചുമയ്ക്കുകയോ, തുമ്മുകയോ, മൂക്ക് ചീറ്റുകയോ സംസാരിക്കുകയോ ചെയ്യുമ്പോൾ കഫകണികകളിലൂടെയോ, വൈറസ് കണികകളിലൂടെയോ കൊറോണവൈറസ് നിങ്ങളിലേക്ക് വരാതിരിക്കാൻ വേണ്ടിയാണ് മാസ്ക് ധരിക്കാൻ പറയുന്നത്. അതിനാൽ പരസ്പരം സംസാരിക്കുമ്പോൾ ഒരു കാരണവശാലും മാസ്ക് താഴ്ത്തരുത്. കഴിവതും ഈ കൊറോണ കാലത്ത് ആരോടും ഒച്ചയിട്ട് സംസാരിക്കാതിരിക്കാൻ ശ്രദ്ധിക്കണം.

മാസ്ക് ധരിക്കുന്നത് ഫലപ്രദമാകണമെങ്കിൽ 3 കാര്യങ്ങൾ കൂടി ചെയ്യേണ്ടതുണ്ട്.

1. എല്ലാവരും പരസ്പരം ആറടി അകലം പാലിക്കുക.

ആറടി എന്നാൽ രണ്ട് കൈയകലമാണ്. വൈറസും മനുഷ്യനും ഇടയിലെ ആരോഗ്യകരമായ മിനിമം ദൂരം അതാണ്. ഈ ദൂരം പാലിച്ചാൽ രണ്ടുകൂട്ടർക്കും ദോഷമില്ലാതെ തൽക്കാലം കഴിഞ്ഞുകൂടാം.

2. ഇടവിട്ട് സോപ്പ് ഉപയോഗിച്ച് കൈകൾ കഴുകണം. അല്ലെങ്കിൽ ഹാൻഡ് സാനിറ്റൈസർ ഉപയോഗിച്ച് കൈകൾ വൃത്തിയാക്കണം.

കൈകൾ വൃത്തിയാക്കുന്നവർ ദീർഘകാലം ജീവിക്കും. അവരുടെ ശ്വാസകോശങ്ങൾ ആരോഗ്യമുള്ളതായിരിക്കും. നല്ല പ്രാണവായുവിൽ ജീവിച്ച് അവർ സന്തുഷ്ടരായി തീരും.

3. മാസ്ക് താഴ്ത്തി ഇടയ്ക്കിടയ്ക്ക് മൂക്ക് ചൊറിയുക, മീശ തടവുക, ചുണ്ടിൽ തോണ്ടുക, കണ്ണുഴിയുക തുടങ്ങിയ കാര്യങ്ങൾ ചെയ്യരുത്.

കൈയിൽ പതിഞ്ഞുപോകുന്ന കൊറോണ കൈയിൽ തന്നെയിരിക്കട്ടെ. എന്തിനാണ് അതിനെ മുഖത്ത് എത്തിച്ച് നെഞ്ചിലേക്ക് കയറാൻ അവസരം ഒരുക്കുന്നത്. അടുത്ത തവണ കൈകഴുകുമ്പോൾ വൈറസ് നശിച്ചു പൊയ്ക്കൊള്ളും.

ഇനി മഴയത്ത് ശ്വാസകോശങ്ങളെ ആരോഗ്യത്തോടെ നിലനിറുത്തുന്ന ചില അടുക്കള വൈദ്യവിദ്യകൾ പറയാം.

നമ്മുടെ നാട്ടിൻപുറങ്ങളിലുള്ള അമ്മമാരും അമ്മൂമ്മമാരും പണ്ടുമുതൽ ചെയ്തുവന്നിരുന്നവയാണ് ഇവയൊക്കെ. ഇപ്പോൾ എല്ലാവരും മറന്നുപോയി. നമുക്കും അവ പിന്തുടരാം.

1. മഴ നനഞ്ഞ് വീട്ടിലെത്തുകയാണെങ്കിൽ (കുട്ടികളായാലും മുതിർന്നവരായാലും) ഇളം ചൂടുവെള്ളം; അത് ചൂടുള്ള കഞ്ഞിവെള്ളമാകാം, കരിപ്പട്ടി കാപ്പിയാവാം, ഇടവിട്ട് കുടിച്ചുകൊണ്ടിരിക്കുക. കട്ടൻ കാപ്പിയും കട്ടൻ ചായയും ഒഴിവാക്കുന്നതായിരിക്കും നല്ലത്. നിങ്ങളുടെ നെഞ്ചിന്റെ തണുപ്പ് മാറ്റി ചൂട് നൽകാൻ അത് സഹായിക്കും. ശ്വാസകോശങ്ങളെയും ശ്വസനനാളികളെയും ഇതു ശക്തിപ്പെടുത്തും. ശ്വസന പ്രക്രിയയെ സുഗമമാക്കും.

2. ആവി പിടിക്കുക. ഇത് ശ്വാസനാളികൾ നന്നായി തുറക്കാൻ സഹായിക്കും. സ്രവങ്ങൾ കെട്ടിനിൽക്കാതെ പുറത്തുപോകും. ആവി പിടിക്കാനായി വലിയ പാത്രമോ തലവഴി മൂടുകയോ വേണ്ട. സാധാരണ ഫ്ളാസ്കിനകത്ത് തിളച്ച വെള്ളമെടുത്ത് പുറത്തേക്ക് വരുന്ന ആവി ഒരു മിനിറ്റ് നേരം കൊണ്ടാൽ മതിയാകും.

3. അരക്കപ്പ് തിളപ്പിച്ചാറ്റിയ ചൂട് വെള്ളത്തിൽ ഒരു നുള്ള് ഉപ്പ് ചേർത്താൽ അത് മൂക്കിൽ ഒഴിക്കാനുള്ള ഒന്നാംതരം ലായനിയായി തീരും. മൂക്കടപ്പ് ഉണ്ടെങ്കിൽ ഇടയ്ക്കിടയ്ക്ക് അവ മൂക്കിൽ വീഴ്ത്തുക. മരുന്നുകൾ ചേർത്ത ലായനികൾ പലപ്പോഴും മൂക്കിന്റെ സ്തരത്തിന് നല്ലതായിരിക്കില്ല. ഉപ്പുവെള്ളത്തിന് ആ ദോഷമില്ല.

മുകളിൽ പറഞ്ഞതൊക്കെ രോഗപ്രതിരോധ രീതികളാണ്. പക്ഷേ, ഒരിക്കൽ രോഗലക്ഷണങ്ങൾ പ്രത്യക്ഷമായാൽ ഡോക്ടറുടെ നിർദേശം തേടണം. സ്വയം ചികിത്സ ചിലപ്പോൾ വലിയ അപകടങ്ങളിലേക്ക് നയിക്കും. ◀



**കഥ** • ഷാഹിന ഇ. കെ



# താക്കോൽ

**പുറത്ത്**

ഉദ്യാനം നിറയെ ഈ പ്രപഞ്ചത്തിലുള്ള അത്രയും നിറങ്ങളിൽ പൂക്കൾ. എല്ലായ്പ്പോഴുമുള്ള ഇളംകാറ്റിൽ അവ ചുരത്തുന്ന നറുഗന്ധം. പൂക്കളെ തോൽപ്പിക്കുന്ന വർണങ്ങളേന്തിയ ചിത്രശലഭങ്ങൾ. പച്ചത്തണലുകൾ, നാനാതരം പക്ഷികൾ, കളകൂജനങ്ങൾ, വൃക്ഷഛായകളിൽ വിശ്രമത്തിനായി അലംകൃതമായ ഇരിപ്പിടങ്ങൾ. ആകാശത്തോളം ചെന്നുമുട്ടുന്ന കൊത്തുപണിചെയ്ത കൂറ്റൻ മതിൽ തീർക്കുന്ന സ്വകാര്യത, നൂറായിരം കാവലാളുകൾ.

**അകത്ത്**

സർവധനികരെയും തോൽപ്പിക്കാനുറപ്പിച്ചെന്നപോലെ തലയുയർത്തി പടർന്നുപന്തലിച്ചു നിൽക്കുന്ന കൊട്ടാരം. അത്യാഢംബരത്തിന്റെ മുറികൾ. വെണ്ണക്കൽ ചുവരുകൾ, പതുത്ത പട്ടുപരവതാനികൾ, സ്വപ്നലോകം പോലെ മട്ടുപ്പാവ്, മട്ടുപ്പാവിലേക്കുള്ള രത്നക്കല്ലുകൾ പാകിയ സ്വർണ ഗോവണി.

തീന്മേശയിലോ, ഒരു വിളിപ്പുറത്ത് ഈ പ്രപഞ്ചത്തിലെ മുഴുവൻ രുചികളും. വിളമ്പാനും ഊട്ടാനും പരിചാരകവൃന്ദം. മുറികളെയാകമാനം നിറയ്ക്കുന്ന അവാച്യസുഗന്ധം.

നീരാട്ടിനായി മറ്റൊരു കൊട്ടാരം തന്നെ. ഏറ്റവും മികച്ച സുഗന്ധലേപനങ്ങൾ, പുരട്ടിക്കുളിപ്പിക്കാൻ പരിചാരികമാർ. തരാതരം ചേലകൾ, സർവാഭരണങ്ങളും.

ഉറക്കുമുറിയിൽ, സദാ മനോജ്ഞസംഗീതം, അതിമൃദുല പട്ടുതൽപ്പം. കൈകാൽ തഴുകാൻ തോഴിമാർ, പ്രാണൻ പകുക്കാൻ എല്ലാറ്റിനെയും അടക്കിഭരിക്കുന്ന കാന്തൻ.

സർവാധികാരി.

“ഇതിലേറെ ഇനിയെന്ത് വേണം ഭവതിക്ക്?”

കാന്തൻ പ്രണയപൂർവം ചോദിക്കുന്നു. അയാളുടെ കൈയിലൊളിപ്പിക്കപ്പെട്ടതിനെ ചൂണ്ടി അവൾ പറയുന്നു.

“ഒന്നുമാത്രം. പുറംലോകത്തിലേക്കു തുറക്കുന്ന വാതിലുകളുടെ ആ താക്കോൽ.” ◀|



# പെൺസ്വപ്നങ്ങൾക്കെത്ര പരിധിയാകാം

ഇന്ത്യയുടെ ഔദ്യോഗിക ഓസ്കാർ എൻട്രിയായിരുന്ന റീമാ ദാസിന്റെ ആസാമീസ് ചിത്രം 'വില്ലേജ് റോക്ക്സ്റ്റാർസ്' ഒരു പെൺകുട്ടിയുടെ സ്വപ്നങ്ങൾക്കെത്ര പരിധിയാകാമെന്ന ചിന്തയാണ് നമുക്ക് പകർന്നുതരുന്നത്.

ഇത് നമ്മൾ തന്നെയല്ലേ, ഇതു നമ്മുടെ ജീവിതം തന്നെയല്ലേ എന്ന തോന്നലുണ്ടാക്കുന്ന ചില സിനിമകളുണ്ട്. ജീവിതത്തോട് ഒട്ടും അകലെയല്ലാതെ, കഥാപാത്രങ്ങൾ ക്യാമറയ്ക്ക് മുന്നിലാണെന്നു തോന്നാത്ത സിനിമാനുഭവം. അപൂർവം സിനിമകളിലാണ് ഇങ്ങനെ സംഭവിക്കാറ്. അതാകട്ടെ പരിചിത ജീവിതസ്ഥലികളോട് അത്രമാത്രം അടുത്തുനിൽക്കുന്നതുമാകും. ഇന്ത്യയുടെ ഔദ്യോഗിക ഓസ്കാർ എൻട്രിയായിരുന്ന റീമാ ദാസിന്റെ ആസാമീസ് ചിത്രം 'വില്ലേജ് റോക്ക്സ്റ്റാർസ്' ഈ ഗണത്തിൽപ്പെടുന്ന സിനിമയാണ്.

ഇന്ത്യയുടെ വടക്കുകിഴക്കൻ സംസ്ഥാനമായ ആസാമിലെ ചായ്ഗോൺ ഗ്രാമമാണ് വില്ലേജ് റോക്ക്സ്റ്റാർസിന്റെ പശ്ചാത്തലം. ഒട്ടും സിനിമാറ്റിക്കാകാതെ ജീവിതം പകർന്നിട്ടിരിക്കുന്ന സിനിമയിൽ ഗ്രാമീണ മനുഷ്യരുടെ നിഷ്കളങ്ക സ്നേഹവും അവരുടെ ഇത്തിരിവട്ടത്തെ കുഞ്ഞു സ്വപ്നങ്ങളും മാത്രമേയുള്ളൂ.

എൺപത്തിയേഴ് മിനിറ്റ് നേരം ആ ഗ്രാമത്തിലും മനുഷ്യർക്കിടയിലും കേന്ദ്രകഥാപാത്രങ്ങളായ കുട്ടികൾക്കുമൊപ്പം എത്തിപ്പെട്ടതു






പോലെ കാണികളായ നമ്മളും. കുട്ടികളുടെ നിഷ്കളങ്കതയിലേക്കും കളിക്കുറുമ്പുകളിലേക്കും സ്വപ്നങ്ങളിലേക്കും തുറന്നുവച്ച ക്യാമറയാണ് വില്ലേജ് റോക്ക് സ്റ്റാർസിന്റേത്.

പത്ത് വയസ്സുകാരിയായ ധുനു വിധവയായ അമ്മയ്ക്കും ഇളയസഹോദരനുമൊപ്പമാണ് താമസിക്കുന്നത്. ധുനുവിന്റെ ഊർജസ്വലതയും ആത്മവിശ്വാസവും അവൾ ആൺകുട്ടികൾക്ക് ഒട്ടും പിന്നിലല്ല എന്നു ഗ്രാമത്തിലെ എല്ലാവരെക്കൊണ്ടും പറയിപ്പിക്കുന്നു. ആൺകുട്ടികളാണ് അവളുടെ സന്തതസഹചാരികൾ. അവർക്കൊപ്പമാണ് സ്കൂളിലേക്കുള്ള പോക്കുവരവും കളികളും മത്സരവുമെല്ലാം. ഓടിയും ചാടിയും മീൻപിടിച്ചും വെള്ളത്തിൽ കളിച്ചും ആസ്വദിക്കുന്ന ബാല്യങ്ങൾ. ഇപ്പോഴും നാട്ടിൻപുറങ്ങളിൽ അവശേഷിക്കുന്ന നന്മയുടെ ഉറവകൾ ഈ സിനിമയിലാകെ പടർന്നു പന്തലിച്ചു കാണാം.

**കുട്ടികളെ കേന്ദ്രമാക്കിയുള്ള സിനിമകളാണ് ലോക സിനിമയിൽ എക്കാലത്തും നിരൂപക, പ്രേക്ഷക പ്രശംസയ്ക്ക് പാത്രമായിട്ടുള്ളത്. ഭാഷയുടെയോ ദേശത്തിന്റെയോ അതിരുകളില്ലാതെ കാണിയോട് സംവദിക്കാൻ കുട്ടികളുടെ സ്വപ്നങ്ങൾക്കും തോന്നലുകൾക്കും സങ്കടങ്ങൾക്കുമാകും.**

ഒരു പെൺകുട്ടിയുടെ സ്വപ്നങ്ങൾക്കെത്ര പരിധിയാകാമെന്ന ചിന്തയാണ് സിനിമ പകർന്നുതരുന്നത്. വികസനമെത്താത്ത ഒരു ഗ്രാമീണദേശത്തെ ദരിദ്രബാലികയുടെ പ്രതിനിധിയാണ് ധുനു. ഗിറ്റാർ വാങ്ങുന്നതും കൂട്ടുകാരുമൊത്ത് ഒരു റോക്ക് ബാൻഡ് തുടങ്ങുന്നതുമാണ് ധുനുവിന്റെ സ്വപ്നം. നഗരകേന്ദ്രീകൃതമായ ഒരന്തരീക്ഷത്തിൽ ജീവിക്കുന്ന ഒരു കുട്ടിയെയും അവരുടെ സൗകര്യങ്ങളെയും സംബന്ധിച്ച് ഇതത്ര വലിയ സ്വപ്നമല്ല. എന്നാൽ ധുനു ജനിച്ച ഗ്രാമത്തിൽ ഒരാൾക്ക് കാണാനാകുന്ന സ്വപ്



നങ്ങൾക്ക് യാഥാർഥ്യത്തിന്റെ വിലങ്ങുണ്ട്.

ബാൻഡിലേക്ക് ഓരോരുത്തരും ഓരോ ഉപകരണം വീതം കണ്ടെത്തണമെന്നാണ് ധുനുവിന്റെയും കൂട്ടുകാരുടെയും ലക്ഷ്യം. അതിൽപ്പിന്നെ ധുനുവിന്റെ ജീവിതാഭിലാഷമായി വളരുന്നത് ഒരു ഗിറ്റാറാണ്. തെർമോകോൾ ഉപയോഗിച്ച് ഒരു മാതൃക ഉണ്ടാക്കി അവൾ ആ സ്വപ്നം കാണുന്നു. അമ്മയോട് തന്റെ ആഗ്രഹം അവൾ പറയുന്നു. അതിനിടയിലാണ് ഗ്രാമത്തിൽ വെള്ളപ്പൊക്കം എത്തുന്നത്. ഗ്രാമത്തിനാകെ നഷ്ടങ്ങളുടെ കണക്ക് മാത്രം. തന്റെ സ്വപ്നമായ ഗിറ്റാറിലേക്ക് ധുനു ചെറുനാണയങ്ങൾ സമ്പാദിച്ചുവയ്ക്കുന്നുണ്ട്. വീടിന്റെ തൂണിൽ ഒരു ദ്വാരമെടുത്താണ് അവളുടെ നാണ്യശേഖരത്തിന് ഇടം കണ്ടെത്തിയിരുന്നത്. വെള്ളപ്പൊക്കത്തിൽ അത് നഷ്ടപ്പെട്ടില്ലെന്നത് അവൾക്ക് വലിയ ആശ്വാസമാകുന്നു. അവളത് അമ്മയ്ക്ക് നൽകുന്നു. വെള്ളപ്പൊക്കം ഗ്രാമത്തെയും വിളകളെയും നശിപ്പിച്ചെങ്കിലും ധുനു അവളുടെ ഗിറ്റാർ വാങ്ങാനുള്ള സ്വപ്നത്തിന്റെ മുൻഗണന അപ്പോഴും തിരുത്തുന്നില്ല.



പ്രകൃതിയെ ചൂഷണം ചെയ്യാതെ അവയോട് സമരസപ്പെട്ട് ജീവിക്കുന്ന ജനതയും നാടുമാണ് സിനിമയിലെ ചായ്ഗോൺ ഗ്രാമം. ഗ്രാമീണ സൗഭാഗ്യങ്ങൾക്കൊപ്പം വരൾച്ചയും വെള്ളപ്പൊക്കവും കൃഷിനാശവും സംഭവിക്കാറുണ്ടെങ്കിലും അതിനുമുന്നിൽ തോൽക്കാതെ പിടിച്ചുനിൽക്കുകയും വീണ്ടും വിത്ത് വിതയ്ക്കുകയും വിളവ് സ്വപ്നം കാണുകയും ചെയ്യുന്ന ഗ്രാമവും ജനതയും. ആസാമിലെ ഈ ഗ്രാമം ഇന്ത്യയിലെ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ ഗ്രാമങ്ങളുടെ നേർചിത്രം തന്നെയാണ്. പരിപൂർണതയ്ക്കായി 150 ദിവസമാണ് റീമാ ദാസ് തന്റെ സിനിമ ഷൂട്ട് ചെയ്യാനെടുത്ത കാലയളവ്. ഇതിന്റെ മികവ് സിനിമയുടെ കാഴ്ചയിൽ നമുക്ക് പകർന്നുകിട്ടും. ഒരുവേള ആഡംബരവും തിരക്കും നിറഞ്ഞ നമ്മുടെ പുറംലോകത്തെ മറന്നുപോകുന്ന നിഷ്കളങ്കഗ്രാമജീവിതകാഴ്ചയുടെ നിറവ് തന്നെയാണ് വില്ലേജ് റോക്ക്സ്റ്റാർസിന്റെ കരുത്ത്.

കുട്ടികളെ കേന്ദ്രമാക്കിയുള്ള സിനിമകളാണ് ലോക സിനിമയിൽ എക്കാലത്തും നിരൂപക, പ്രേക്ഷക പ്രശംസയ്ക്ക് പാത്രമായിട്ടുള്ളത്. ഭാഷയുടെയോ ദേശത്തിന്റെയോ അതിരുകളില്ലാതെ കാണിയോട് സംവദിക്കാൻ കുട്ടികളുടെ സ്വപ്നങ്ങൾക്കും തോന്നലുകൾക്കും സങ്കടങ്ങൾക്കുമാകും. ഈ സവിശേഷതയാണ് വില്ലേജ് റോക്ക്സ്റ്റാർസിനെ ലോക സിനിമാ ഭൂപടത്തിലേക്ക് ഉയർത്തുന്നത്. ◀|




**പുസ്തകപരിചയം** • സനിത അനൂപ്



ഭൂതകാലം ഉണർത്തിവിടുന്നതിനെ കഥയുടെ ചാലകശക്തിയാക്കി മാറ്റുകയാണ് പാർവതി. ഈ ഓർമകളിൽ സ്ത്രീജീവിതം നിറയുന്നു. അവ അടക്കിവച്ച പ്രക്ഷുബ്ധതയെ അഭിസംബോധന ചെയ്യുന്നു. ഭൂതകാല ദുരിതങ്ങളെ ഭാവിസ്വപ്നം കൊണ്ട് പൂരിപ്പിക്കുന്നു. ഈ കഥകൾ മനുഷ്യജീവിതങ്ങളിൽ ആവിഷ്കാരം തേടുന്നു.

**ശിഹാബുദ്ദീൻ പൊയ്ത്തുംകടവ്**

# മരിച്ചവളുടെ ഫേസ്ബുക്ക്

ഉച്ചനേരത്ത് ഇരുൾ പരന്ന് കിടക്കുന്ന മുറ്റത്ത് വന്യമായ ആസക്തിയോടെ ഇണചേരുന്ന രണ്ടു പൂച്ചകൾ.

'വർഷങ്ങൾക്കിപ്പുറവും അവളെ പിന്തുടരുന്ന ഓർമ.

തന്റെ പാദങ്ങളിൽ ഒരു മുറിവിന്റെ നീറ്റൽ പരക്കുന്നത് അവൾ അറിഞ്ഞു.

ആ മുറിവിൽ നിന്ന് രക്തം ഒഴുകിപ്പരന്നു...'

തണുത്തുറഞ്ഞ മൗനം, പകയുടെ മദിപ്പിക്കുന്ന ലഹരി, വന്യമായ കാമം... ഇതെല്ലാം ചേർന്നു നിൽക്കുന്ന കഥക്കൂട്ടുകളാണ് പാർവതി പി ചന്ദ്രന്റെ 'മരിച്ചവളുടെ ഫേസ്ബുക്ക്'.

വായിച്ചു ദിവസങ്ങൾ കഴിഞ്ഞിട്ടും ഈ പുസ്തകം ഉള്ളിലുണ്ടാക്കിയ നോവ് ആഴമേറിയതാണ്. സമകാലിക സ്ത്രീജീവിതങ്ങളുടെ ഒറ്റപ്പെടലുകൾ, പ്രണയനിരാസങ്ങൾ, വിഷാദത്തിന്റെ മഴകൾ... തണുത്തുറഞ്ഞ മൗനം ഒരു പുതപ്പുപോലെ വായനക്കാര






ഭ്രമാത്മകമായ അനുഭവസത്തയുള്ള എഴുത്ത്, കാൽപ്പനികതയും നേരറിവുകളും ഇഴപിരിക്കുന്ന വായനയുടെ വസന്തമായാണ് മരിച്ചവളുടെ ഫേസ്ബുക്ക് എന്ന കഥാസമാഹാരത്തിലൂടെ നമുക്കുമുന്നിലെത്തുന്നത്.

നെ മൂടുന്നിടത്താണ് 'മരിച്ചവളുടെ ഫേസ്ബുക്ക്' എന്ന കഥാസമാഹാരത്തിന്റെ പൾസ്.

പന്ത്രണ്ട് കഥകളിലൂടെ പന്ത്രണ്ട് കഥാലോകങ്ങളെയാണ് പാർവതി പി. ചന്ദ്രൻ എന്ന എഴുത്തുകാരി അടയാളപ്പെടുത്തുന്നത്. പെണ്ണുടലുകളുടെ വന്യമായ ആസക്തിയായി ശിവാനിയെന്ന കഥാപാത്രം വായനയ്ക്കപ്പുറവും നമ്മുടെ മനസ്സിനെ കൊളുത്തിവലിക്കുന്നുണ്ട്.

മുറിവുകൾ എന്ന കഥ കാലികപ്രസക്തമായ ഒരു വിഷയത്തെയാണ് പ്രമേയവൽക്കരിക്കുന്നത്. ജാരൻ എന്ന വാക്ക് എന്നും ആണത്തത്തിനൊപ്പം ചേർന്നുനിൽക്കുന്നതാണ്. എന്നാൽ ഈ കഥയിലെ ശിവാനി ഒരു ചോദ്യചിഹ്നമായി വായനക്കാരുടെ മനസ്സിൽ ബാക്കി



നിൽക്കുന്നു. ജമന്തിപ്പൂക്കളിൽ ഒരു കാലം ബാക്കിവച്ചുപോയ വേശ്യാകഥാപാത്രങ്ങളുടെ പ്രതീകമായി വാസന്തി കഥപറയുമ്പോൾ നോവുന്നത് നമ്മുടെ നെഞ്ചകങ്ങളാണ്.


'ഓർമകൾക്ക് കടൽക്കാറ്റിന്റെ ഗന്ധമാണ്. ഉപ്പുരസമുള്ള തീക്ഷ്ണമായ ഗന്ധം' എന്ന് ചട്ടക്കാരിയിലെ മെറീന പറയുമ്പോൾ നമ്മൾ എവിടെയൊക്കെയോ മറന്നിട്ടുപോയ സംസ്കാരം നമ്മോട് ചേർന്നുനിൽക്കുന്നു. സ്വച്ഛന്ദസുന്ദര ഗ്രാമമായ മൈഥിലി ഗ്രാമത്തിലും സ്ത്രീ കച്ചവടച്ചരക്കാവുന്നു. പെണ്ണുടലിന്റെ നോവും നിനവുമായി അഞ്ജനയുടെ ശവശരീരം നമ്മുടെ മനഃസാക്ഷിക്ക് നേരെ ചോദ്യചിഹ്നമാവുന്നു. മൈഥിലിയുടെ ആവലാതികൾ നമ്മുടേതുമാവുന്നു. ഉള്ളുപൊള്ളുന്ന വേദനയ്ക്കൊപ്പമാണ് വായനക്കാരനും മൈഥിലി ഗ്രാമത്തിൽ നിന്ന് മടങ്ങുന്നത്.

ഈ കഥയിലുടനീളം മുറിവുണങ്ങാത്ത ഒരു പുഴയായി സ്ത്രീ വന്നുംപോയുമിരിക്കുന്നു. ചില നേരങ്ങളിൽ കൊടുംവരൾച്ചയിൽ അവളുടെ ആത്മാവ് ഉഷ്ണമയമായി തീരുന്നുണ്ട്. മഞ്ഞുകാലപ്പക്ഷിയും മരണത്തിന്റെ മണമുള്ള മഴയോർമകളും പതിവ് കഥയെഴുത്തിൽനിന്ന് മാറിനടക്കുന്നുണ്ട്. വായനയ്ക്കൊടുവിൽ പുസ്തകം മടക്കിവയ്ക്കുമ്പോൾ മഞ്ഞുകാലപ്പക്ഷിയിലെ നീലിമ നമ്മളോട് എന്തൊക്കെയോ പേർത്തും പേർത്തും പറയുന്നുണ്ട്.


ഒടുവിലായി മരിച്ചവളുടെ ഫേസ്ബുക്ക് നമ്മളെ ചിന്തയുടെ മുൾമുനയിൽ ഒറ്റുകാരായി നിർത്തുന്നു. കാരണം നക്ഷത്രങ്ങൾ പോലും തണുത്തുവിറങ്ങലിച്ചുനിൽക്കുന്ന ഒരു രാത്രിയിലാണ് അവളുടെ പ്രൊഫൈലിലും തണുത്തുവിറങ്ങലിച്ച ചില സത്യങ്ങൾ തൂങ്ങിയാടിയത്.

ടാഗ് ചെയ്യപ്പെടാത്ത ചില ചോദ്യങ്ങളും ഉത്തരങ്ങളുമാണ് ഇതിലെ ഒരോ കഥയും. പുഴ കടന്നവന് കടൽ ഉയർത്തുന്ന വെല്ലുവിളി പോലെ, ഉയിരിനോട് ചേർന്നുനിൽക്കുന്ന സ്ത്രീപക്ഷ രചനകളാണ് ഈ പുസ്തകം. ജീവിതാസക്തിയുടെ തീച്ചൂളയിലൂടെ നടന്നവരാണ് ഈ കഥാസമാഹരത്തിലെ മിക്ക കഥാപാത്രങ്ങളും.

കാസർഗോഡ് കേന്ദ്രീയ യൂണിവേഴ്സിറ്റിയിലെ മലയാള വിഭാഗം അധ്യാപികയായ പാർവതി എഴുത്തിൽ പുതിയ പേരല്ല. കാൽപ്പനികതയുടെ അടയാളങ്ങളിൽ മാധവിക്കുട്ടിയെ ഓർമിപ്പിക്കുന്നുണ്ട് പലപ്പോഴും പാർവതിയിലെ എഴുത്തുകാരി. പാർവതിയുടെ ആദ്യകഥാസമാഹരമായ കടൽക്കരയിലെ സൂര്യനും തികഞ്ഞ സ്ത്രീപക്ഷരചനയായിരുന്നു. ഭ്രമാത്മകമായ അനുഭവസത്തയുള്ള എഴുത്ത്, കാൽപ്പനികതയും നേരറിവുകളും ഇഴപിരിക്കുന്ന വായനയുടെ വസന്തമായാണ് മരിച്ചവളുടെ ഫേസ്ബുക്ക് എന്ന കഥാസമാഹാരത്തിലൂടെ നമുക്കുമുന്നിലെത്തുന്നത്. ഐവറി ബുക്സാണ് പ്രസാധകർ. ◀



**കവിത** • സൂസൻ ജോഷി



# വെള്ളിവെളുപ്പിട്ട മുടിയിൽ

കാലം വെള്ളിവെളുപ്പിട്ട മുടിയിൽ
കാഴ്ചകൾ മങ്ങുന്ന കണ്ണിൽ
ഇലയനക്കങ്ങൾ ഇല്ലാത്ത
ഉഷ്ണനേരങ്ങളിൽ
ഉറുമ്പരിക്കുന്നുവോ എന്നുതോന്നുമ്പോൾ
തിരഞ്ഞുപോകുന്നു ഞാൻ
പണ്ടത്തെ ഒരുപിടി കൗതുകങ്ങൾ

പാറിപ്പറന്ന അപ്പൂപ്പൻ താടികളുടെ
വെൺമയിൽ ഒട്ടിയ അത്ഭുതങ്ങൾ
ജീരകനാരങ്ങ മിഠായികൾ മധുരതരമാക്കിയ സൗഹൃദങ്ങൾ.
ഒരു മഷിത്തണ്ട് എളുപ്പത്തിൽ മായ്ച്ചുകളഞ്ഞ പിണക്കങ്ങൾ.
പെയ്തുവീണ മഴത്തുള്ളികൾ
കൈവെള്ളയിൽ തീർത്ത കുളിര്.
വറ്റാതെ അക്ഷരങ്ങൾ ഒഴുക്കി
വിരലിലൊട്ടി നിന്ന മഷിപ്പേന.
തോട്ടിലെ പൊടിമീനും
തൊടിയിലെ പച്ചപ്പുൽച്ചാടിയും ചിരിനിറച്ച പകലുകൾ.



ആകാശം തൊടുന്ന
കെട്ടിടക്കൂട്ടങ്ങൾക്കിടയിലിരിക്കെ
ഇപ്പോഴറിയുന്നതാകെ
ശീതീകരിച്ച തണുപ്പ് മാത്രം
ജാലക്കാഴ്ചകളിൽ
നിറയുന്നതത്രയും നഗരവേഗങ്ങൾ
വേഷപ്പകർച്ചകൾ
അറിയായ്കയാൽ
ഒറ്റയ്ക്കാക്കി
മധുരമിഠായികളൊക്കെയും
നുരഞ്ഞുപതയുന്ന
തീൻമേശകളിലേക്ക് കുടിയേറി.
വക്ക് പൊട്ടിയ വാക്കുകൾ
ആരോടും പറയാതെ
ഒളിവിലേക്കും പോയി.

ഇന്നുകളിലേക്ക്
സന്ധ്യ പതിയെ നടന്നടുക്കുമ്പോൾ
ഉള്ളിൽ ചില ശാഠ്യങ്ങളുണരുന്നു
പെറുക്കിക്കൂട്ടിയ
മഞ്ചാടിമണികളുടെ
കിലുങ്ങുന്ന കഥകൾ
എനിക്ക് ഒരാവർത്തി
കൂടി കേൾക്കണം.
ശൂന്യമായ ഉള്ളകങ്ങളെ
ഇളംവെയിലിനാൽ നിറയ്ക്കണം.
ലളിതമായ വരികൾ ഇനിയും കുറിക്കണം.
കവിത വിതയും കൊയ്ത്തുമെന്നറിഞ്ഞ്
ആശകളുടെ വിത്തുകൾ വീശിയെറിഞ്ഞ്
കതിരാർന്ന പാടങ്ങൾ
വിളയുന്നതും നോക്കിയിരിക്കണം.
വയൽ പൂവിന്റെ ചിരിയിൽ
കൂട്ടുചേർന്ന്
മഴയുണ്ടോ വഴിയിൽ എന്ന്
വഴിപോക്കരോടു തിരക്കണം.
വെള്ളിമുടി നിലാവിനെ കാണിച്ച്
കൊതിപ്പിച്ച് വിരിച്ചിടണം.
എന്നിട്ട് ഇതുകൊണ്ടൊന്നും പോരാതെ
പുതിയ കൗതുകങ്ങൾ പലതും
ഇനിയും കണ്ടുപിടിക്കണം. ◀|

റിപ്പോർട്ട്

# നാരീശക്തി പുരസ്കാരവുമായി അക്ഷരമുത്തശ്ശിമാർ

ഇക്കഴിഞ്ഞ വനിതാദിനത്തിൽ നാരീശക്തി പുരസ്കാരം ഏറ്റുവാങ്ങി കേരളത്തിന്റെയും സാക്ഷരതാമിഷന്റെയും അഭിമാനായി രണ്ട് മുത്തശ്ശിമാർ. വനിതകൾക്കു നൽകുന്ന രാജ്യത്തെ പരമോന്നത സിവിലിയൻ ബഹുമതിയായ നാരീശക്തി പുരസ്കാരമാണ് പ്രായത്തെ പിന്നിലാക്കി അക്ഷരങ്ങളെ സ്നേഹിച്ച ഭാഗീരഥി അമ്മയും കാർത്യായനി അമ്മയും സ്വന്തമാക്കിയത്.

> വനിതകൾക്കു നൽകുന്ന രാജ്യത്തെ പരമോന്നത സിവിലിയൻ ബഹുമതിയായ നാരീശക്തി പുരസ്കാരമാണ് പ്രായത്തെ പിന്നിലാക്കി അക്ഷരങ്ങളെ സ്നേഹിച്ച ഭാഗീരഥി അമ്മയും കാർത്യായനി അമ്മയും സ്വന്തമാക്കിയത്.

വനിതാദിനത്തിൽ ഡൽഹിയിലെത്തി രാഷ്ട്രപതി രാംനാഥ് കോവിന്ദിൽനിന്ന് കാർത്യായനി അമ്മ നാരീശക്തി പുരസ്കാരം ഏറ്റുവാങ്ങി. ശാരീരിക പ്രശ്നങ്ങളാൽ ഡൽഹിലേക്കുപോയി പുരസ്കാരം സ്വീകരിക്കുവാൻ ഭാഗീരഥി അമ്മയ്ക്ക് കഴിഞ്ഞില്ല. വനിതാശിശുക്ഷേമ മന്ത്രാലയമാണ് പുരസ്കാരം സമ്മാനിച്ചത്.

നൂറ്റിയഞ്ചിന്റെ ചെറുപ്പത്തിൽ നാലാംതരം തുല്യത പാസായ ഭാഗീരഥി അമ്മ സാക്ഷരതാമിഷന്റെ ഏറ്റവും പ്രായംകൂടിയ പഠിതാവുകൂടിയാണ്. സാക്ഷരതാ മിഷന്റെ അക്ഷരലക്ഷം പരിപാടിയിലൂടെയാണ് തൊണ്ണൂറ്റിയെട്ടുവയസ്സുള്ള കാർത്യായനി അമ്മ അക്ഷരം പഠിച്ചു തുടങ്ങിയത്.

കൊല്ലം പ്രാക്കുളം സ്വദേശി കെ ഭാഗീരഥി അമ്മയെ ലോകമറിഞ്ഞത് പ്രധാനമന്ത്രിയുടെ പ്രതിമാസ റേഡിയോ പരിപാടിയായ മൻ കി ബാത്തിൽ പരാമർശിക്കപ്പെട്ടതോടെയാണ്. നൂറ്റിയഞ്ചാം വയസ്സിലും പഠനം ഒരാഗ്രഹമായി കൊണ്ടുനടക്കുന്ന ഭാഗീരഥിയമ്മയുടെ ഇച്ഛാശക്തിയും നിശ്ചയദാർഢ്യവും



> തൊണ്ണൂറുകളിൽ സമ്പൂർണ സാക്ഷരതാ യജ്ഞത്തിന്റെ തുടക്കത്തിലാണ് അക്ഷരങ്ങളുമായി വീണ്ടും കൂട്ടുകൂടാൻ തുടങ്ങിയത്. പഠിക്കണമെന്ന ആഗ്രഹം അന്നേ മനസിൽ കയറിക്കൂടി. എന്നാൽ ഭാഗീരഥിയമ്മയ്ക്ക് അവസരം വന്നത് നൂറാം വയസിനു ശേഷമാണ്.

ഏറെ പ്രശംസിക്കപ്പെട്ടു. വർങ്ങൾക്കുമുമ്പ് കൃത്യമായി പറഞ്ഞാൽ നൂറുവർഷങ്ങൾക്കു മുമ്പാണ് ഭാഗീരഥി അമ്മ സ്കൂളിൽ ചേർന്നത്. എന്നാൽ ജീവിത പ്രാരാബ്ധങ്ങൾ കാരണം പഠിത്തമവസാനിപ്പിക്കേണ്ടിവന്നു.

തൊണ്ണൂറുകളിൽ സമ്പൂർണ സാക്ഷരതാ യജ്ഞത്തിന്റെ തുടക്കത്തിലാണ് അക്ഷരങ്ങളുമായി വീണ്ടും കൂട്ടുകൂടാൻ തുടങ്ങിയത്. പഠിക്കണമെന്ന ആഗ്രഹം അന്നേ മനസിൽ കയറിക്കൂടി. എന്നാൽ അവസരം വന്നത് നൂറാം വയസിനു ശേഷമാണ്. അങ്ങനെ നാലാംതരം തുല്യത പാസായ ഭഗീരഥി അമ്മ ഏഴാംതരം പഠിതാവാണിപ്പോൾ. എല്ലാത്തിനും പിന്തുണയായി കൂടെയുള്ളത് ഉറ്റസുഹൃത്തിന്റെ മകളും സാക്ഷ



*നാരീശക്തി പുരസ്കാരവുമായി കാർത്യായനി അമ്മ ബഹു. മുഖ്യമന്ത്രി പിണറായി വിജയനെ സന്ദർശിക്കുന്നു*



*കാർത്യായനി അമ്മ രാഷ്ട്രപതിയിൽ നിന്ന് നാരീശക്തി പുരസ്കാരം ഏറ്റുവാങ്ങുന്നു.*

രതാ പ്രേരകുമായ ഷേർളിയാണ്. ഈപ്രായത്തിലും കാഴ്ചയ്ക്കും കേൾവിക്കും ഓർമയ്ക്കും മങ്ങലേറ്റിട്ടില്ല. പഴയ പാട്ടുകളും കവിതകളും ഓർത്തെടുത്തുചൊല്ലുന്നതാണ് ഈ മുത്തശ്ശിയുടെ വിനോദം. ആറുമക്കളും പതിനാറ് കാച്ചുമക്കളുമായി അഞ്ചാം തലമുറയ്ക്കൊപ്പമാണ് ഭാഗീരഥിയമ്മയുടെ താമസം.

ഇളയ മകൾ അമ്മിണി പത്താംതരം തുല്യത വിജയിച്ചപ്പോഴേക്കും കാർത്യായനി അമ്മയും ഉറച്ച ഒരു തീരുമാനമെടുത്തിരുന്നു. തനിക്കും അക്ഷരങ്ങളോട് കൂട്ടുകൂടണം. രണ്ടാമതൊന്ന് ആലോചിക്കാതെ അക്ഷരലക്ഷം പദ്ധതിയിൽ ചേർന്ന് പഠിച്ചുതുടങ്ങി. അതാണ് കാർത്യായനി അമ്മയുടെ ജീവിതത്തിലെ വഴിത്തിരിവായത്.

തൊണ്ണൂറ്റാറാമത്തെ വയസ്സിൽ ഒന്നാം റാങ്ക് നേടി ലോകത്തെ ഞെട്ടിച്ച ആലപ്പുഴ ചേപ്പാട് പടീറ്റതിൽ കാർത്യായനി അമ്മ സ്കൂളിൽ പോയിട്ടേയില്ല. പകരം അമ്മയ്ക്കും സഹോദരിക്കുമൊപ്പം അമ്പലത്തിലെ തൂപ്പുജോലികൾക്കു പോയി കടുംബം പോറ്റേണ്ടിവന്നു. പതിനാറാം വയസിൽ വിവാഹം കഴിഞ്ഞതോടെ ജീവിതം ആ വഴിക്കു തിരിച്ചുവിടേണ്ടിവന്നു. അതുകൊണ്ടുതന്നെ പഠനത്തെക്കുറിച്ചൊന്നും ചിന്തിച്ചില്ല. ചിന്തിച്ചുതുടങ്ങിയതാവട്ടെ തൊണ്ണൂറാം വയസ്സിലും. അതിന് പ്രചോദനമായത് പേരക്കുട്ടിയും.

ഇളയ മകൾ അമ്മിണി പത്താംതരം തുല്യത വിജയിച്ചപ്പോഴേക്കും കാർത്യായനി അമ്മയും ഉറച്ച ഒരു തീരുമാനമെടുത്തിരുന്നു. തനിക്കും അക്ഷരങ്ങളോട് കൂട്ടുകൂടണം. രണ്ടാമതൊന്ന് ആലോചിക്കാതെ അക്ഷരലക്ഷം പദ്ധതിയിൽ ചേർന്ന് പഠിച്ചുതുടങ്ങി. അതാണ് കാർത്യായനി അമ്മയുടെ ജീവിതത്തിലെ വഴിത്തിരിവായത്. തൊണ്ണൂറ്റിയാറാം വയസിൽ തൊണ്ണൂറ്റിയെട്ട് മാർക്കുവാങ്ങി അക്ഷര ലക്ഷം സാക്ഷരതാ പരീക്ഷ ഒന്നാം റാങ്കോടെ പാസായി.

പഠനം പാതിവഴിയിലുപേക്ഷിക്കാൻ ഈ മുത്തശ്ശി തയ്യാറല്ല. ചുരുങ്ങിയത് പത്താംതരം വരെയെങ്കിലും പഠിക്കണം. തനിക്കിത് സാധിക്കുമെങ്കിൽ ആർക്കും ചെയ്യാവുന്നതേയു



*മുൻ എം.പി. പി.കെ.ശ്രീമതി ടീച്ചറും സാക്ഷരതാ മിഷൻ ഡയറക്ടർ ഡോ.പി.എസ്. ശ്രീകലയും ഭാഗീരഥി അമ്മയെ സന്ദർശിച്ചപ്പോൾ*



ള്ളുവെന്ന് കാർത്യായനി അമ്മ ആവർത്തിച്ചു തെളിയിച്ചു കൊണ്ടേയിരിക്കുന്നു. അമ്പത്തിമൂന്ന് രാജ്യങ്ങൾ ഉൾപ്പെടുന്ന കോമൺവെൽത്ത് ലേണിങ്ങിന്റെ ഗുഡ്‌വിൽ അംബാസിഡറാണ് ഇപ്പോൾ കാർത്യായനി അമ്മ. കോവിഡ് 19 പ്രതിരോധ നിർദ്ദേശങ്ങളും മുന്നറിയിപ്പുകളുമായി ഇറങ്ങിയ കാർത്യായനി അമ്മയുടെ വീഡിയോയും ഏറെ ശ്രദ്ധിക്കപ്പെട്ടിരുന്നു. കോവിഡ് നിരീക്ഷണത്തിൽ കഴിയുന്നവർക്ക് ആത്മവിശ്വാസം പകർന്ന്, അവരുടെ ത്യാഗത്തെ പ്രകീർത്തിച്ചുകൊണ്ട് കത്തെഴുതി കാർത്യായനി അമ്മ വീണ്ടും താരമായി.

നാലാംതരം പാസായി എഴാംതരം തുല്യതയ്ക്ക് രജിസ്റ്റർ ചെയ്തുകഴിഞ്ഞു ഭാഗീരഥി അമ്മ. കാർത്ത്യായനി അമ്മയാകട്ടെ നാലാംതരം പരീക്ഷയ്ക്കു തയ്യാറെടുക്കുകയാണ്. പത്താംതരം പാസാവുക എന്നതു തന്നെയാണ് കാർത്യായനി അമ്മയെപ്പോലെ ഭാഗീരഥി അമ്മയുടെയും ആഗ്രഹം. ഇതൊരു പോരാട്ടം തന്നെയാണ്. പ്രായത്തെ നിഷ്പ്രഭമാക്കി ഇച്ഛാശക്തിയെ കൂട്ടുപിടിച്ച് ഈ മുത്തശ്ശിമാർ നടത്തുന്ന പോരാട്ടത്തിന് പൂർണപിന്തുണയേകാം.

# ഗ്രാപ



എന്റെ ഗ്രാമത്തിന് ഭൂരിപക്ഷവും ഒരു പട്ടണ സ്വഭാവമാണ്. എന്നാലൊരു പട്ടണമാണോ... അല്ല. ഗ്രാമത്തിനും പട്ടണത്തിനുമിടയിലുള്ള എന്തോ ഒന്ന്. അതിനാൽ ഞാനെന്റെ പ്രദേശത്തെ ഗ്രാപ എന്നാണ് വിളിക്കുന്നത്. എന്റെ പ്രവിശ്യയിൽ ഇപ്പോൾ ഗ്രാമങ്ങൾ ഇല്ല എന്നുതന്നെ പറയാം. ഏതാണ്ടെല്ലാം ചെറുപട്ടണങ്ങളായിക്കൊണ്ടിരിക്കുകയാണ്. എന്നെപ്പോലെ ചെറുസഞ്ചാരിയായ ഒരു ചിത്രകാരന് ചെന്നെത്തുന്നിടമെല്ലാം തന്റേതാണ്.

ഗ്രാപയിൽ ഞാൻ ആറുമാസം പിന്നിടുന്നു. രാവിലെ പത്തുമുതൽ രാത്രി ഏഴുവരെ എനിക്ക് ജോലി സമയമാണ്. ജോലി സാമഗ്രികളടങ്ങിയ വലിയ ബാഗുമായി രാവിലെ എട്ടിനോ ഒമ്പതിനോ ഗ്രാപയിൽ



നിന്ന് നഗരത്തിലേക്കുള്ള ബസ്പിടിക്കും. പണിയിടങ്ങൾ ആഴ്ചതോറും വ്യത്യസ്തമാകും. മാറിമാറി തെരഞ്ഞെടുക്കുന്ന പണിയിടങ്ങൾ തിരക്കുള്ള ബീച്ചോ പാർക്കോ കാഴ്ചബംഗ്ലാവോ, സർവകലാശാലാ കാമ്പസോ ഏതെങ്കിലും പ്രദർശനാലയമോ ആയിരിക്കും. ഉത്സവകാലത്ത് അതിനുമാറ്റമുണ്ടാകും. എനിക്കിഷ്ടപ്പെട്ട ഒരു പ്രകൃതി ദൃശ്യമോ മറ്റോ വരച്ചുകൊണ്ടാവും ഞാൻ പണി തുടങ്ങുക. അപ്പോഴേക്കും ആരെങ്കിലും വരും അവരുടെ ഒരു ഛായാചിത്രത്തിനായി. അങ്ങനെ ഒരു ദിവസം അഞ്ചോ ആറോ ഏഴോ വര കിട്ടിയാലായി. എങ്ങനെയായാലും ആയിരത്തിൽച്ചില്വാനം രൂപ ദിവസവും കൈയിൽ വരും. ഒരു ദിവസം മൂന്നു സിഗരറ്റ്, മൂന്നുചായ എന്നിവ നിർബന്ധമാണ്. അതിനും ബസ് കൂലിക്കുമുള്ള ചെലവ് കഴിഞ്ഞാൽ ആയിരം ബാക്കിവരും. അതിൽ നിന്ന് ദിവസവും നാനൂറ് രൂപ മാറ്റിവച്ച് ആഴ്ചതോറും ഭാര്യയ്ക്ക് അയച്ചുകൊടുക്കും. ഭാര്യയും പത്തുവയസ്സുള്ള ഏക മകളും അഞ്ചുപ്രവിശ്യ അപ്പുറം അവരുടെ കുടുംബവീട്ടിലാണ് താമസം. ഭാര്യയ്ക്കവിടെ പ്രീപ്രൈമറി സ്കൂളിൽ ജോലിയുണ്ട്. അവൾ സമ്പാദിക്കുന്നുണ്ടല്ലോ എന്നോർക്കുമ്പോൾ ആശ്വാസം തോന്നും. അവൾക്കും മകൾക്കും ഒരുമിച്ച് പള്ളിക്കൂടാവധി കിട്ടുമ്പോൾ ഇരുവരും എന്റൊപ്പം താമസിക്കാൻ വരാറുണ്ട്. വല്ലപ്പോഴും ഞാനങ്ങോട്ടും ചെല്ലും.

എനിക്ക് നാട്ടിൽ പിതൃസ്വത്തായി കിട്ടിയ അഞ്ചുസെന്റല്ലാതെ മറ്റുസമ്പാദ്യമൊന്നുമില്ല. ദിവസവും നൂറുരൂപ ഞാൻ മുറിയിലെ കായിപ്പെട്ടിയിലിടും. പഞ്ഞകാലത്ത് എടുക്കാനാണ്. ബാക്കി അഞ്ഞൂറ് എന്റെ ചെലവിനും വാടകയ്ക്കുമുള്ളതാണ്. അടുക്കളയും ഒരു കിടപ്പുമുറിയുമുള്ള ചെറിയ വീട്ടിലാണ് എന്റെ താമസം. വൈദ്യുതിയും പൈപ്പും കിണറുവെള്ളവുമുണ്ട്. സിമന്റിട്ട കുളിമുറിയും കക്കൂസുമുണ്ട്. രണ്ടായിരത്തി അഞ്ഞൂറുരൂപയാണ് മാസവാടക. വൈദ്യുതിബില്ല് മാസം മുന്നൂറുരൂപയാകും. പത്രത്തിന് ഇരുന്നൂറ്റിപ്പത്തുരൂപ. ഭക്ഷണച്ചെലവ് അങ്ങനെ കൃത്യമായി പറയാൻ പറ്റില്ല. ചില ദിവസം രാവിലെ ആറോ ഏഴോ ചപ്പാത്തിയും ഉരുളക്കിഴങ്ങ് കറിയുമുണ്ടാക്കും. മൂന്ന് ചപ്പാത്തി രാവിലെ കഴിക്കും. ബാക്കി ഉച്ചയ്ക്കലത്തേക്ക് പൊതിഞ്ഞെടുക്കും. മറ്റു ചിലപ്പൊ രാവിലെ ചോറും കറിയുമുണ്ടാക്കും. അന്ന് രാവിലെയും ഉച്ചയ്ക്കും അതുതന്നെ ഭക്ഷണം. രാത്രിഭക്ഷണം പുറത്തുനിന്നാണ്. ചിലപ്പോ കഴിച്ചെന്നും കഴിച്ചില്ലെന്നും വരാം. എട്ടരയോടെ വീട്ടിലെത്തിയാൽ തണുത്ത വെള്ളത്തിലൊരു കുളി. പിന്നെയിത്തിരി നേരം മകളോടും ഭാര്യയോടും ഫോണിൽ സംസാരം. അതുകഴിഞ്ഞുടൻ ഉറക്കം. അടുക്കളയുടെ ഒരു വശത്താണ് കിടപ്പ്. അർധരാത്രി കഴിയുന്നതോടെ ഉണർച്ച. പിന്നെ എന്റെ ലോകത്ത് വ്യാപരിക്കലാണ്. അവിടെ ഞാൻ കലാവിദ്യാർഥിയും പക്വമായ കലാകാരനുമൊക്കെയാവും.

കിടപ്പുമുറിയാണെന്റെ വരമുറി. താരതമ്യേന വലിയ മുറിയാണത്. അവിടെ ഈസലിൽ ക്രമീകരിച്ച ക്യാൻവാസ്, രണ്ടുതട്ടുള്ള ടീപ്പോയിൽ ഒതുക്കിവച്ച പാലെറ്റ്, ബ്രഷ്, ചായങ്ങൾ, ഓയിലുകൾ എന്നിവ വൃത്തിക്കും ചിട്ടയ്ക്കും ഇരിപ്പുണ്ട്. ഞാൻ വര തുടങ്ങുമ്പോൾ അവയെല്ലാം അലങ്കോലമാകും. നിശബ്ദതയിലും ഏകാന്തതയിലുമിരുന്ന് എന്റെ ഭാവനയിലും സ്വപ്നത്തിലുമുള്ള ചിത്രപരീക്ഷണങ്ങൾ നടത്തുമ്പോൾ ഞാനനുഭവിക്കുന്ന ലഹരി അവർണനീയമാണ്. എന്നെങ്കിലും ഒരു ചിത്രപ്രദർശനം നടത്തണം. അതിനു

ള്ള തയ്യാറെടുപ്പിലാണ്. അത്തരമൊരു സൃഷ്ടിക്കായി ഞാൻ ആഴ്ചകളോ മാസങ്ങളോ എടുക്കും. ഓരോ സൃഷ്ടിക്കു ശേഷവും നിഷ്ക്രിയമായ ഇടവേളയെടുക്കും. അത് നിശബ്ദാനന്ദത്തിന്റെ സുഖകരമായ നിർവൃതിയാണ്.

ഗ്രാപയിൽ വന്നിട്ട് ഇപ്പോൾ രണ്ടാമത്തെ ചിത്രത്തിന്റെ പണിപ്പുരയിലാണ്. എല്ലാ ദിവസവും അതിൽ മുഴുകാറില്ല. ചിലപ്പോൾ വരച്ചുതുടങ്ങിയ അല്ലെങ്കിൽ പകുതിയാക്കിയ മറ്റുചിലപ്പോൾ പൂർണമാക്കിയ സൃഷ്ടിയെ ഉപേക്ഷിക്കാറുണ്ട്. കലാസൃഷ്ടിക്കിടെ അസ്വസ്ഥനാവാറും സ്വയം സംസാരിക്കാറുമുണ്ട്. ചിലപ്പോൾ എല്ലാം ഇട്ടെറിഞ്ഞ് മുറിയുടെ മൂലയ്ക്കിരുന്ന് സിഗരറ്റു പുകച്ചുതള്ളും. പിന്നെ മനസ്സിനിണങ്ങിയ ഒരു ദിവസത്തിനായി കാത്തിരിക്കും. എന്നാൽ ഈയിടെയായി ലോകത്താകെ കോവിഡ് വൈറസ് പടർന്നുപിടിച്ചതുകാരണം എന്റേതടക്കമുള്ള മനുഷ്യരുടെ ജീവിതച്ചിട്ടകളാകെ തെറ്റിയിരിക്കുകയാണ്. എന്നെ സംബന്ധിച്ച് നല്ല വരുമാനം കിട്ടേണ്ടൊരു ഉത്സവകാലമാണ് നഷ്ടപ്പെട്ടിരിക്കുന്നത്. പ്രദർശനത്തിനായി ചിത്രങ്ങൾ ഫ്രെയിം ചെയ്തെടുക്കാൻ കാശുവേണം. കോവിഡ് കാരണം ആൾക്കൂട്ടവും ആഘോഷവും ഉത്സവങ്ങളും നിർത്തിവച്ചിരിക്കുകയാണ്. വിദ്യാലയങ്ങളും കലാലയങ്ങളും സർവകലാശാലകളും അടച്ചു. മൈതാനവും തെരുവും ബീച്ചും ഒഴിഞ്ഞുകിടക്കുന്നു. ചിത്രപ്രദർശനമെന്ന എന്റെ സ്വപ്നം അകലെയായി.

ദിവസപ്പണി മുടങ്ങിയതോടെ ജീവിതച്ചെലവുകളും ഞെരുക്കത്തിലായി. അതിരാവിലെ ഒരുകപ്പ് ചായയുമായി അടുക്കളത്തിണ്ണയിൽ പത്രവായനക്കിരുന്നു. കോവിഡ് കാരണം ക്വാറന്റൈനിൽ കഴിയാനുള്ള അധികൃതരുടെ മുന്നറിയിപ്പ് അവഗണിച്ച് നാടുചുറ്റാനിറങ്ങി അപകടത്തിൽപ്പെട്ട പ്രവാസി മലയാളിയുടെ വാർത്ത വായിച്ചപ്പോൾ ഏതവസ്ഥയിലും നിയമം ലംഘിക്കാനുള്ള മനുഷ്യന്റെ വ്യഗ്രത എന്നെ അത്ഭുതപ്പെടുത്തി. കുറച്ചുദിവസം മുമ്പുവരെ ഈ സമയം എനിക്ക് വളരെ ഊഷ്മളമായിരുന്നു. പത്രവും മടിയിൽവച്ച് അടുക്കളപ്പടിയിലിരുന്ന് ചായമൊത്തുമ്പോൾ റോഡിനെതിർവശത്തെ ആശ്രമത്തിന്റെ ടവറിലെ വാട്ടർടാങ്കിന്റെ അഗ്രവും ഇത്തിരി ആകാശവും ആശ്രമവരമ്പിലെ നാലു തെങ്ങുകൾക്കിടയിലൂടെ കാണാം. ആ കാഴ്ച അജ്ഞാതമായ കാരണങ്ങളാൽ എന്റെ പ്രതീക്ഷയും പ്രചോദനവുമായിരുന്നു. തൊഴിൽരഹിതനും വിരസനുമായതിനാലാകാം ഇപ്പോൾ ആ കാഴ്ച എന്നെ സ്വാധീനിക്കുന്നേയില്ല. റോഡരുകിൽ മുൻവശത്തൊരു വീടിനു പുറകിലായിട്ടാണ് എന്റെ വാടകഭവനം. എന്റെ വീടിനിരുവശത്തും പുറകിലും വീടുകളുണ്ട്. അതിലൊന്നിലാണ് എന്റെ വീട്ടുടമയും കുടുംബവും താമസിക്കുന്നത്.

ഞാൻ പ്രാതലിനായി വീടിനടുത്തെ ഭക്ഷണശാലയിലേക്കു പോയി. അവിടെയും സംസാരവിഷയം കോവിഡാണ്. ഉടയാത്ത ഖദർ ഷർട്ടും മുണ്ടും ധരിച്ച് ആഡംബര കാറിനെ ചാരി നിൽക്കുന്നൊരാൾ... അയാളെ ചുറ്റി നാലഞ്ചുപേർ.

'പ്രവാസികൾക്ക് വിവരോം ബോധോം ഇല്ലാതായാൽ എന്തു ചെയ്യും...' ഖദർധാരി രോഷം കൊണ്ടു.

'എന്തുപറഞ്ഞാലും മനസ്സിലാകാത്തവർ എല്ലാ സിസ്റ്റത്തി



ന്റെയും വെല്ലുവിളിയാണ്' കൂട്ടത്തിലൊരു മാന്യൻ പിന്തുണച്ചു.

അധികാരികളുടെ നിയന്ത്രണങ്ങൾ പാലിക്കാൻ വിമുഖത കാട്ടിയ പ്രവാസി മലയാളികളിലൂടെയാണ് കേരളത്തിൽ കോവിഡെത്തിയത്. ഏതവസ്ഥയിലും മനുഷ്യർ അവരവരുടെ ശൈലികളിൽ ജീവിക്കാനിഷ്ടപ്പെടുന്നു. ചുറ്റുവട്ടത്തെ വീടുകളിൽനിന്ന് പിള്ളേരുടെ അനിയന്ത്രിതമായ ബഹളവും അമ്മമാരുടെ ശകാരവും കേൾക്കാം. അവധിക്കാലത്ത് മൈതാനത്തോ റോഡിലോ ഇറങ്ങി കളിക്കാനാവാത്തതിന്റെ അമർഷം പിള്ളേരുടെ ശബ്ദത്തിൽ നിഴലിക്കുന്നുണ്ട്. ആശ്രമഗേറ്റ് അടഞ്ഞുകിടക്കുന്നു. മീനവെയിലിന്റെ ഉഗ്രത... ഗ്രാപയിലെ രാത്രിയും പുലരിയുമാണ് ഏറെ പരിചയം. അതിനാൽത്തന്നെ ഗ്രാപയിലെ ഉച്ചയും സന്ധ്യയും എനിക്ക് പുതുമയുള്ളതാണ്. വീട്ടിലെത്തിയ ഞാൻ വായിക്കാനൊരു പുസ്തകം തേടി ഷോക്കേസും മേശവലിപ്പും പരതി. ഭാഗ്യം! ഒരു നോവൽ പുസ്തകം കിട്ടി.

വൈകുന്നേരം നടക്കാനിറങ്ങി. ഇടവിട്ട് കാറ്റ്... മടുപ്പിക്കുന്ന നിശബ്ദത. എന്റെ വീട്ടിൽ നിന്നും അമ്പതുമീറ്റർ ചുറ്റളവിൽ മൂന്ന് വ്യത്യസ്ത ആരാധനാലയങ്ങൾ! വിശ്വാസികളില്ലാതെ എല്ലാം അനാഥം. റോഡുവക്കത്തായി ആശ്രമാധീനതയിലുള്ള ആശുപത്രി, രൂപക്കൂട്, സൂപ്പർമാർക്കറ്റ് എന്നിവയുണ്ട്. എതിർവശത്ത് ബാഡ്മിന്റൻ കോർട്ടും ഡ്രൈവിങ് പരിശീലനയിടവും ഭക്ഷണശാലകളും പഴക്കടകളും ബേക്കറികളുമുണ്ട്. മൊബൈൽ ടവറും രൂപക്കൂടിന്റെ ഗോപുരവും തലയുയർത്തി നിൽപ്പുണ്ട്.

ആശുപത്രി വളപ്പ് വിശാലവും തണൽ മരങ്ങളും പൂച്ചെടികളും നിറഞ്ഞതുമാണ്. അകത്തേക്ക് കയറാനും ഇറങ്ങാനും വെവ്വേറെ വലിയ കമാനം കടക്കണം. ആശുപത്രി മതിലവസാനിക്കുന്നിടത്താണ് രൂപക്കൂട്... കന്യാമറിയത്തിന്റെ രൂപക്കൂടിനടുത്തെ നിലത്തും പടവിലും രാത്രി വൈകിയും ആളുകളെ കാണാറുള്ളതാണ്. ഇപ്പോളവിടേക്കുള്ള അഴിവാതിൽ പൂട്ടി ഭദ്രമാക്കിയിരിക്കുന്നു. ആശ്രമത്തിലേക്കു പോകുന്ന മൂന്നു നാല് സന്യാസിനിമാർ അഴിവാതിലിനു വെളിയിൽനിന്ന് കന്യാമറിയത്തിന് കുരിശുവരയ്ക്കുന്നു. അവരെന്നെയും ഞാനവരെയും നോക്കി പുഞ്ചിരിച്ചു. അപരിചിതരായതുകൊണ്ടാവാം ഗ്രാപയിൽ കണ്ടുമുട്ടിയവരെല്ലാം എനിക്ക്



കൗതുകമുണർത്തുംവിധം നല്ല വരായിരുന്നു. തൊട്ടടുത്തുള്ള സൂപ്പർമാർക്കറ്റിൽ കയറി. ബ്രഡും ഹാൻഡ് സാനിറ്റൈസറും വാങ്ങണം. സാനിറ്റൈസർ എടുക്കാൻ ചെന്നപ്പോൾ മുമ്പിൽ നിന്ന ഏതാനും പേർ ഉള്ള ബോട്ടിലുകളൊക്കെ മത്സരിച്ച് പെറുക്കുന്നു.

'ഇതെന്താ നിങ്ങൾക്കുമാത്രം മതിയോ' എന്നു ചോദിച്ചപ്പോൾ, തലയുയർത്താതെ വീട്ടിൽ ധാരാളം അംഗങ്ങൾ ഉണ്ടെന്നായിരുന്നു അവരുടെ മറുപടി.

'അവരെല്ലാം കോവിഡ് ബാധയുള്ളവരാണോ' എന്നായി ഞാൻ.

'നിങ്ങൾ തർക്കിക്കാൻ വന്നതാണോ?' എന്ന പരിഹാസത്തോടെ കിട്ടിയതും പെറുക്കിയെടുത്തവർ പോയി. ആളുകളുടെ ഔചിത്യമില്ലായ്മ ബാലിശമാണ്. ആ സുശീലാ ബോസിന്റെയൊക്കെ പെരുമാറ്റം പോലെ! എനിക്ക് വേണ്ടപ്പെട്ടൊരു കസ്റ്റമറായിട്ടും രണ്ടാഴ്ചകൊണ്ട് ആ സ്ത്രീ വെറുപ്പിച്ചുകളഞ്ഞു. നഗരത്തിലെ പാർക്കിൽ വച്ചാണവരെ കണ്ടുമുട്ടിയത്. ഞാനെന്റെ ജോലി ആരംഭിച്ചിട്ടേയുണ്ടായിരുന്നുള്ളൂ... കുന്നിൽ പട്ടം പറത്തുന്ന കുട്ടികളുടെ ചിത്രമായിരുന്നു ഞാൻ ചെയ്തുകൊണ്ടിരുന്നത്. അതിനിടെയാണ് പെർഫ്യൂമിന്റെ രൂക്ഷഗന്ധമുള്ള ആഡംബര വേഷധാരിയായ ഒരു സ്ത്രീ എനിക്ക് പിന്നിൽ വന്ന് ചാഞ്ഞും ചരിഞ്ഞും നടന്നുമൊക്കെ എന്റെ ചിത്രത്തെ നോക്കാൻ തുടങ്ങിയത്. ഞാനൊന്ന് തിരിഞ്ഞു നോക്കി... ചുളിവുവീണ മുഖത്തെ അധികരിച്ച മേക്കപ്പും ചുണ്ടിലെ കടുംചായവും അസഹനീയമായിരുന്നു. അവർക്കൊരു കുലുക്കവുമില്ല. എന്റെ വരയിൽ നിന്ന് കണ്ണെടുക്കുന്നില്ല. ഞാനേറ്റവും വെറുക്കുന്നത് സൃഷ്ടിക്കിടെയുള്ള ഈ ഒളിഞ്ഞുനോട്ടമാണ്.

പക്ഷേ, എന്തുപറയാനാണ്. അവരും ഞാനും ഒരു പൊതുയിടത്താണ്. അതിനിടെ രണ്ടു കമിതാക്കൾ അവരുടെ ചിത്രം ആവശ്യപ്പെട്ടെത്തി. ഞാനവരെ മുമ്പിൽ നിർത്തി വരതുടങ്ങി. അപ്പോഴും ആ സ്ത്രീ എന്റെ പിന്നിൽ നിന്ന് വരശ്രദ്ധിച്ചു.

'നിങ്ങൾ ഒന്നു മാറി നിൽക്കണം.'

ഞാനാവശ്യപ്പെട്ടു. അവർ അവിടെനിന്ന് കുറച്ചേറെ പിന്നിലേക്ക് മാറി പഴയനോട്ടം തുടർന്നു. ഞാനെന്റെ പണി പൂർത്തിയാക്കി പണം വാങ്ങുമ്പോൾ അവർ അടുക്കൽ വന്ന് പരിചയപ്പെടുത്തി 'ഞാൻ സുശീലാബോസ്.

'മ്...' ഞാൻ ഒന്നു മൂളി.

'നിങ്ങൾ ശാന്തിനികേതനിൽ പഠിച്ചതാണോ?'

'എന്താ കാര്യം?' ഞാൻ തിരിച്ചുചോദിച്ചു.

'നന്നായി വരയ്ക്കുന്നു... അതുകൊണ്ട് വെറുതെ ചോദിച്ചതാ...'

ലക്ഷ്യമില്ലാതെ സംസാരിച്ച് ബുദ്ധിമുട്ടിക്കുന്ന ശല്യം...! ഞാനെന്റെ പണി തുടർന്നു.

'ഈ ചിത്രത്തിനൊക്കെ എത്ര വില വരും?' വീണ്ടുമവരുടെ ചോദ്യം.

'വാങ്ങാനാണോ?'

'ഏയ് അല്ല... വെറുതെ അറിയാൻ.' അവർ ചുമലിളക്കി. എന്തൊരു ശല്യമാണിത്. ഞാനൊരു സിഗരറ്റ് പുകച്ചു. അവർ പെട്ടെന്ന് അവിടെ നിന്നും മാറി. വൈകുന്നേരം കുറച്ചകലെ മരച്ചുവട്ടിൽ ചോക്ലേറ്റും തിന്നിരിക്കുന്നത് കണ്ടു. പിറ്റേദിവസവും അവർ വന്നു. ഞാനപ്പോൾ പാർക്കിലെത്തിയൊരു മുത്തശ്ശിയുടെയും കൊച്ചുമകളുടെയും ചിത്രം ഡാലിയപ്പൂക്കളുടെ പശ്ചാത്തലത്തിൽ വരയ്ക്കുകയായിരുന്നു.

'കണിക്കൊന്നയുടെ പശ്ചാത്തലമായിരുന്നെങ്കിൽ ഒന്നുകൂടി നന്നായേനെ.' എന്റെ പിന്നിൽ ഒരൽപ്പമകലത്തിൽ നിലയുറപ്പിച്ച അവർ പറഞ്ഞു.

'നിങ്ങളെന്റെ ജോലിയിൽ ഇടപെടാതെ പോകണം.' ഞാൻ ദേഷ്യപ്പെട്ടു.

'ഞാനൊരു അഭിപ്രായം പറഞ്ഞതിന് നിങ്ങളെന്തിനാണിത്ര ക്ഷുഭിതനാവുന്നത്?'

'നിങ്ങളുടെ അഭിപ്രായത്തിനിവിടെ പ്രസക്തിയില്ല. അതുകൊണ്ടുതന്നെ...' ഞാൻ ശാന്തനായി ജോലിതുടർന്നു. ആ മുത്തശ്ശിയും കൊച്ചുമകളും എന്നിൽ മോശം കാണരുതെന്നാഗ്രഹിച്ചു. കുറച്ചുനേരം കൂടി നിന്ന ശേഷം അവർ മറ്റൊരു കോണിലേക്കു പോയി.

പിറ്റേദിവസം അവർ വന്നത് തനിക്ക് കുറച്ച് ചിത്രങ്ങൾ വേണമെന്ന ആവശ്യവുമായാണ്. വിൽക്കാനുംമാത്രം ചിത്രങ്ങൾ എന്റെ കൈവശമില്ലെന്ന് പറഞ്ഞു. അല്ല, വരച്ചുതരികയാണ് വേണ്ടതെന്ന് പറഞ്ഞു. ചോദിക്കുന്ന പ്രതിഫലവും വാഗ്ദാനം ചെയ്തു. ഞാൻ ചെയ്യാമെന്നേറ്റു. പിറ്റേദിവസം അവർ രണ്ടുയുവാക്കളുടെയും ഒരു മധ്യവയസ്കന്റെയും ഫോട്ടോയുമായി വന്നു.

'ഇവർ ഏഴുവർഷങ്ങൾക്കു ശേഷം എങ്ങനെയിരിക്കുമോ ആ രൂപം വരച്ചുതരണം.' എന്റെ കഴിവ് പരീക്ഷിക്കാനുള്ള തന്ത്രമാണോ പയറ്റുന്നതെന്ന് സംശയിച്ചു.

'എന്നാണ് വേണ്ടത്?' ഞാൻ ചോദിച്ചു.

'കഴിയുന്നതും വേഗം.'

'ഒരാഴ്ച കഴിഞ്ഞ് തരാം.'

അതിനിടെ പാർക്കിലെത്തുന്ന എന്നോട് ദിവസവും അവർ വരയുടെ പുരോഗതി അന്വേഷിച്ചുകൊണ്ടിരുന്നു. ചിത്രങ്ങൾ കൊടുത്ത ദിവസം നന്ദി അറിയിച്ചിട്ട് അയ്യായിരം രൂപ തന്നു. എന്റെ ഫോൺ നമ്പറും വാങ്ങിയാണ് അന്നവർ മടങ്ങിയത്.

സൂപ്പർമാർക്കറ്റിനടുത്ത ബാങ്കിന്റെ എ.ടി.എം കൗണ്ടറിൽ ഇടവിട്ട് രണ്ടോ മൂന്നോ പേർ വന്നും പോയുമിരിക്കുന്നു. ഇന്റർലോക്ക് ചെയ്ത സൂപ്പർ മാർക്കറ്റ് വളപ്പിൽ നിന്ന് കണ്ണോടിച്ചു. വാഹനത്തിരക്കില്ലാതെ റോഡ്... മുമ്പാണെങ്കിൽ ഒന്നു മുറിച്ചുകടക്കാൻ കുറഞ്ഞത് പത്തുമിനിറ്റെങ്കിലും നിൽക്കണം. ഇപ്പോൾ

അരമിനിറ്റിൽ കാര്യംനടക്കും. സായംകാലസൂര്യൻ രൂപക്കൂടിന്റെ ഗോപുരത്തെ തൊട്ടുനിന്നു. റോഡുവക്കത്തെ മരങ്ങളിൽ പക്ഷികൾ യഥേഷ്ടം വിഹരിക്കുന്നു. പുകമണമില്ലാത്ത വായു...

ഗ്രാപയ്ക്കിപ്പോൾ മോഹിപ്പിക്കുന്ന ശാന്തതയാണ്. എന്നും ഇങ്ങനെയായിരുന്നെങ്കിൽ! ഔചിത്യമില്ലാതെ ഫോൺ ശബ്ദിച്ചു. അങ്ങേത്തലയ്ക്കൽ സുശീലാ ബോസാണ്. നാളെ ഒന്ന് കാണാൻ പറ്റുമോ എന്ന്. വീട്ടുവിലാസവും തന്നു. അവരെന്നെ വിടാതെ പിടികൂടിയിരിക്കുകയാണെന്ന് തോന്നി. ഒരുപക്ഷേ, എന്തെങ്കിലും വര ജോലിക്കാണെങ്കിലോ...

ഞാൻ പിറ്റേന്ന് രാവിലെ നഗരത്തിലെ അവരുടെ വീട് തേടിപ്പിടിച്ച് ചെന്നു. പൊമറേനിയൻ നായയുടെ കുരയാണ് ഗേറ്റിലെന്നെ സ്വീകരിച്ചത്. വേലക്കാരിയാവണം ഒരു സ്ത്രീ ഓടിവന്ന് ഗേറ്റുതുറന്നു. മാർബിളിട്ട മുറ്റം നിറയെ അലങ്കാരച്ചെടികൾ... കൂറ്റൻ വീട്. പറത്തിയിട്ട തലമുടിയും വജ്രാഭരണങ്ങളും സിൽക്കു സാരിയുമണിഞ്ഞ സുശീലാ ബോസ് എന്നെ സ്വീകരണമുറിയിലേക്ക് ക്ഷണിച്ചു.

'വീട് കണ്ടുപിടിക്കാൻ ബുദ്ധിമുട്ടിയോ?' ഉപചാരമെന്നോണം അവർ ചോദിച്ചു.

'വിലാസം തന്നിരുന്നല്ലോ' ഞാൻ ചെറുതായി ചിരിച്ചു.

'കാപ്പിയാണോ ചായയാണോ ജ്യൂസാണോ?'

'ഒന്നും വേണ്ട' ഞാൻ പറഞ്ഞു. ലൈറ്റപ്പ് ചെയ്ത സ്വീകരണമുറിയിലെ ചുമരിൽ ഞാൻ വരച്ചുകൊടുത്ത ചിത്രങ്ങൾ... ഞാനതിലേക്കു തന്നെ നോക്കിയിരുന്നു.

'വളരെ നന്നായിട്ടുണ്ട്. എന്റെ ഭർത്താവും മക്കളുമാണ്.' അതുപറയുമ്പോളവരുടെ നീണ്ട മൂക്കിലെ വജ്രമൂക്കുത്തിക്കെന്തോ ഭംഗികൂടി.

'അവരെവിടെയാണ്?' ഞാൻ താൽപ്പര്യപൂർവം ചോദിച്ചു.

'കുറച്ചു ദൂരെ... ഏഴുവർഷം മുമ്പ് പോയതാ' ഭാവമാറ്റമില്ലാതെ അവർ പറഞ്ഞു.

'എന്തിനാണെന്നെ വിളിച്ചത്?'

'ചുമരിൽ കാണുന്ന ഈ മൂന്നു പേർക്കൊപ്പം ഞാൻ നിൽക്കുന്നൊരു ചിത്രം വേണമായിരുന്നു.'



'കുറച്ചു സമയമെടുക്കും...'

'ആയിക്കോട്ടെ...' അവർ ഫോട്ടോസ് തന്നു.

കുറച്ചുദൂരെ എന്നുപറയുമ്പോൾ വിദേശത്താണോ... അതോ മരിച്ചതാണോ... അല്ലെങ്കിൽ ഉപേക്ഷിച്ചു പോയതാണോ? എത്ര നിർവികാരതയോടെയാണ് അവരതു പറഞ്ഞത്. സ്വന്തം വികാരത്തിന്റെ ആഴവും വ്യാപ്തിയും അപരനു മുമ്പിൽ പ്രദർശിപ്പിക്കാൻ ഇഷ്ടപ്പെടുന്നുണ്ടാവില്ല. തന്റേതായതെല്ലാം തന്റേതു മാത്രമായിരിക്കാൻ ആഗ്രഹിക്കുന്ന സ്ത്രീ! പിറ്റേന്ന് ഗ്രാപയിലൂടെ നടക്കുമ്പോൾ എന്റെ മനസ്സിൽ ആ സ്ത്രീയുടെ മനോവികാരത്തെക്കുറിച്ചുള്ള വിവിധ ചിന്തകളായിരുന്നു. അവരത്രമേൽ ഇപ്പോളെന്നെ അത്ഭുതപ്പെടുത്തുന്നു. ◀|

റിപ്പോർട്ട് • സനിത എം ടി

# വെയിൽ നനച്ച ജീവിതങ്ങൾ

നാലു മാസങ്ങൾക്കുമുമ്പാണ് കൊട്ടിയമ്മയെ ആദ്യമായി നേരിൽ കാണുന്നത്. തൊണ്ണൂറിന്റെ നിറവിലും ആക്ടീവായ മംഗലംകളി കലാകാരിയാണ് കൊട്ടിയമ്മ. മാവിലൻ, മലവെട്ടുവൻ സമുദായങ്ങളുടെ ആചാരങ്ങളിൽ ഒന്നാണ് മംഗലംകളി.

ഉച്ചപൊരിയുന്ന മാർച്ചിന്റെ ചൂടിലാണ് കാസർഗോഡ് എത്തിയത്. കാസർഗോഡിന്റെ ഊഷരത വിളിച്ചറിയിക്കുന്ന കശുമാവിൻ തോട്ടങ്ങളുടെ ഗന്ധം മൂക്കിനെ തൊട്ടുവിളിച്ചപ്പോഴാണ് ഞങ്ങൾ പെരിയയിലെത്തിയത്. കാസർഗോഡ് ജില്ലയിലെ പെരിയ പഞ്ചായത്തിലാണ് കൊട്ടിയമ്മയുടെ വീട്. പ്രധാന വഴിയിൽ നിന്ന് വീട്ടിലേക്കുള്ള ഇടവഴി കയറിയപ്പോഴെ കണ്ടു ചെമ്പകമരം കുറുകെ വെച്ചിരിക്കുന്ന കിണർ. മംഗലംകളിയിൽ ഇന്ന് ജീവിച്ചിരിക്കുന്ന പ്രായംകൂടിയ കലാകാരിയാണ് കൊട്ടിയമ്മ. പ്രായത്തിന്റെ അവശതയിലും അവർ സജീവമാണ്.

മാവിലൻ, മലവെട്ടുവൻ സമുദായങ്ങളുടെ ഇടയിൽ പ്രചാരത്തിലുള്ള സംഗീത നൃത്തരൂപമാണ് മംഗലംകളി. കാലമിത്ര കഴിഞ്ഞിട്ടും സമുദായത്തിന്റെ ജീവശ്വാസമാണ് ഈ കലാരൂപം. അവരുടെ വിവാഹ ആഘോഷ ചടങ്ങുകളിൽ സ്ത്രീ പുരുഷന്മാർ പാട്ടിന്റെയും തുടിയുടെയും താളത്തിനൊത്ത് നൃത്തം വയ്ക്കും. നല്ല താളബോധമുള്ളവർക്കേ ഈ കളിയിൽ പങ്കെടുക്കാൻ കഴിയൂ.

പൊരിയുന്ന വെയിൽ ചൂടിൽ അവരെ തളർത്താതെ കൊണ്ടുപോകുന്നതിൽ ഇത്തരം കലാരൂപങ്ങൾക്കുള്ള പങ്ക് പ്രധാനമാണ്.

വളരെ ചെറിയ ഒരു വീട്ടിലാണ് കൊട്ടിയമ്മ മക്കൾക്കും കൊച്ചുമക്കൾക്കുമൊപ്പം കഴിയുന്നത്. ജീവിത സൗകര്യങ്ങൾ കുറഞ്ഞ ആർഭാടങ്ങളില്ലാത്ത ഒരു കുഞ്ഞുജീവിതം. ഭർത്താവ് നേരത്തെ മരിച്ച ഇവർക്ക് ആറ് മക്കളാണുള്ളത്. ബ്ലൗസും ഒറ്റമുണ്ടുമുടത്ത് തോളിലൊരു കച്ചത്തോർത്തുമിട്ട് മുടി ഉച്ചിയിൽ കെട്ടിയാൽ എത് വേദിയിലേക്ക് പോകാനും കൊട്ടിയമ്മ റെഡി. ഇപ്പോൾ കേൾവി അത്ര പോര. എങ്കിലും സഭാകമ്പമോ, വാക്കുകളുടെ പതർച്ചയോ ഇല്ലാതെ മൈക്ക് കൈയിലെടുത്താൽ മംഗലംകളിയുടെ തനത് പാട്ടുകൾ അവരിലൂടെ ഒഴുകിയെത്തും.

തുടിയുടെ താളത്തിനൊത്താണ് ഈ പാട്ടുകൾ





പാടേണ്ടത്. സാധാരണയായി പ്ലാവ്, മുരിക്ക് തുടങ്ങിയ മരങ്ങളുടെ തടിയിൽ ഉടുമ്പ്, വെരുക് തുടങ്ങിയ മൃഗങ്ങളുടെ തോൽ ഉപയോഗിച്ചാണ് തുടിയുണ്ടാക്കുന്നത്. മംഗലംകളിക്ക് സാധാരണയായി ഏഴ് തുടികളാണ് ഉപയോഗിക്കുന്നത്. ചെണ്ടയിലെന്ന പോലെ തന്നെ തുടിയിലുമുണ്ട് ശബ്ദവ്യത്യാസങ്ങൾ.

ജീവിതത്തിലെ സന്തോഷങ്ങളും സങ്കടങ്ങളും അവർ മറികടക്കുന്നത് ഇത്തരം കലാരൂപങ്ങളുടെ ചുവടുപിടിച്ചാണ്. വ്യക്തമായ സൂക്ഷിപ്പുകൾ അവകാശപ്പെടാനില്ലാത്ത കലാരൂപമാണ് മംഗലംകളി. വാമൊഴിയായിട്ടാണ് ഈ പാട്ടുകൾ ഇപ്പോഴും പുതുതലമുറയിലേക്ക് കൈമാറുന്നത്. മിക്കപ്പോഴും പത്തുമുപ്പതോളം ആളുകൾ ഒരു തൂണിന് ചുറ്റുമെന്നതുപോലെ വട്ടത്തിൽ നിന്നാണ് മംഗലംകളിയിൽ ഏർപ്പെടുന്നത്. രാത്രി തുടങ്ങുന്ന കളി മിക്കവാറും പുലർച്ചവരെ നീളും. സ്ത്രീകൾ കൊട്ടിപ്പാടുമ്പോൾ പുരുഷന്മാരായിരിക്കും വാദ്യോപകരണങ്ങൾ കൈകാര്യം ചെയ്യുന്നത്. ഓരോ പാട്ടിലൂടെയും ഓരോരോ കഥകൾ ഉണ്ടാവുന്നു. തുളുവിലും മലയാളത്തിലുമാണ് പാട്ടുകൾ ഉള്ളത്.

കാസർഗോഡ് കേന്ദ്രീയ യൂണിവേഴ്സിറ്റി ഇത്തവണ വനിതാദിനത്തിന് കൊട്ടിയമ്മയെ ആദരിച്ചിരുന്നു. പെൺമക്കൾക്കും കൊച്ചുമകകൾക്കും ഒപ്പമാണ് അവർ അവിടെയെത്തിയത്. സമുദായത്തിലെ ചടങ്ങുകൾക്ക് പുറമെ കേരളത്തിലുടനീളം കൊട്ടിയമ്മ മംഗലം കളിയുമായി ബന്ധപ്പെട്ട് യാത്രകൾ നടത്തിയിട്ടുണ്ട്. എഴുതാനും വായിക്കാനും അറിയില്ലെങ്കിലും ഈ കലാരൂപത്തിന്റെ കൈപിടിച്ച് ഇവർ നടന്നുകയറിയത് ആത്മവിശ്വാസത്തിന്റെ പടവുകളാണ്. ◀|

**കവിത**

**ജിൻസി എസ്**
ഹയർസെക്കൻഡറി തുല്യത
ഹ്യുമാനിറ്റീസ് ഒന്നാം വർഷം
പാലേരി, കോഴിക്കോട്



# മഴ

നീ പെയ്തുനിറയുക
അഗ്നിവർഷം പതിച്ചാർത്തയായ് കേഴുമീ
അമ്മ ധരിത്രിതൻ അഴലാർന്ന നെഞ്ചിൽ
തണുവായ് തലോടുക
നിറവാർന്നൊരരുവികൾ ചാലുകളായ് പിന്നെ
നൂലുപോൽ നേർത്തുപോയവയിൽ
നീ ചെന്നുപതിക്കുക, പുനർജനിപ്പിക്കുക
നിൻകടാക്ഷം കൊതിച്ചാകാശ വീഥിയിൽ
മിഴിപാകി ഉഴറുന്ന വേഴാമ്പൽ പിടയുടെ
വരളുന്ന ചുണ്ടിൽ നീ അമൃതം തളിക്കുക
പച്ചവറ്റിയ കണ്ണിൽ നിറഞ്ഞൊരിരുട്ടുമായ്
കേഴുന്ന വയലേലയ്ക്കു നീ ജീവൻ പകരുക
ഇനിയും തിരിച്ചറിവിന് ബോധമില്ലാതെ
സിരകളിൽ നിറയും അഹങ്കാരകാളകൂടം പേറും
പാപിയാം മർത്യഗണത്തിനോടിന്നു നീ
സദയം പൊറുക്കുക...
ഇനിയൊരു മഹായുദ്ധകാരണം
ജലമെന്നു കേൾക്കാനിട നൽകാതെ
അലിവായ് ചുരത്തുക. ◀|

**Aksharakairali Monthly**
"Registered" RNI. No. KERMAL/2003/10577

Issue 8 Volume 15. Published June 2020
Price ₹15




Edited, printed, published & Owned by Dr. P.S.Sreekala, Director, Kerala State Literacy Mission Authority, Thiruvananthapuram.
Printed at Color Track, Thiruvananthapuram.
Editor : Dr. P.S.Sreekala